അഹം ബ്രഹ്മേതി നിശ്ചിത്യ
അഹം ഭാവം പരിത്യജ

# വേദ വേദാന്തേ
# ശ്രീധരഗരുഡഗമനം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,
കായംകുളം

ॐ

# വേദ വേദാന്തേ
# ശ്രീധരഗരുഡഗമനം


പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,

കായംകുളം

Malayalam

VEDA VEDANDE SREEDHARA-
GARUDA GAMANAM

Author:
SADHU SREEDHARAN

Published at:

SREEDHARA DESAM TRUST
Govindamuttam P.O.
Puthuppally, Kayamkulam

Printed at:
A. B. Press,
Chengannur

Copies 500

Copyright Reservad
26-1-1996

Phone: 3465 Kayamkulam



# വേദവേദാന്തേ ശ്രീധരഗരുഡഗമനം

## ഓം

കാൺക നീ എൻെറ കുഞ്ഞേ
അന്തമററുയരത്തിൽ
അളവററാകാശത്തിൽ
അന്നങ്ങൾ പറക്കുന്നു
നക്ഷത്രങ്ങൾപോൽ
മിന്നി മിന്നി ദാ പറക്കുന്നു
എങ്കിലും നോട്ടമെല്ലാ
മെവിടേയ്ക്കെന്നറിയാമോ
കീഴേ കീഴേക്കാണും സമുദ്രേ
ചുറ്റുപ്പേറും നിലമതിൽ
ഇഴയും ജീവിയേ തിന്നാൻ.
ഇവകളും സഞ്ചരിപ്പൂ
മാതാപിതാ സാഗരേ.

അതുപോൽ മാനവരും
ഉന്നതവേദിയേറി പറക്കും
മാനവനും സഞ്ചരിപ്പൂമാതാ-
പിതാ സാഗരമതിനകത്തു്.
ഇതത്രേമായാമഹാർണ്ണവം.

ഘോരഘോരമേ മായാന്ധകാരം
ധീരധീരമേ ആത്മചൈതന്യവും
മത്സരിക്കു വാശിയോടെ
ജയിക്കാൻ ശ്രമിക്കു മഹാമായയേ.

ഈ ഗ്രന്ഥത്തിൽ ശ്രീധരൻ അവൻേറതായ നിഗമനങ്ങ ളേയും അനുഭവങ്ങളേയും ശാസ്ത്രസമ്മതം ബോധ്യപ്പെ ടുത്തി വിശദീകരിക്കലാണു ലക്ഷ്യം.

ഒന്നു് ഏകമേവ അദ്വിതീയം ബ്രഹ്മ എന്നത് സത്യവും ശാസ്ത്രസമ്മതവുമെന്നിരിക്കേ, ആരോചില രൊക്കെ ജനിച്ചുപോയെന്നും അതിൽ നിന്നും കരകയറ ണമെന്നും മാതാപിതാ സാഗരം കടന്നുകൂടാൻ വഴിയി യില്ലെന്നു തോന്നുമാറു് അന്ധകാരമയവും അഗാധവും വിശാലവുമാണെന്നിരിക്കെ അതിൽ കുടിക്കുന്ന ജീവ രാശികൾ രക്ഷാമാർഗ്ഗം ആവശ്യപ്പെടുകയാണു്. ഏക മായി അന്യമില്ലാതെ നിലകൊള്ളും ബ്രഹ്മത്തിൽ ആരൊക്കെയോ എന്തൊക്കെയോ ഉണ്ടായി ഉണ്ടാകുന്നു എന്നുപറഞ്ഞാൽ ആദ്യം വാസ്തവമെങ്കിൽ പിന്നീടുണ്ടാ യെന്നു കാണുന്നതു് അവാസ്തവമല്ലേ സത്യാഭാസ മല്ലേ. ഏകമാണു ബ്രഹ്മം, അദ്വീതിയവുമാണു് ബ്രഹ്മ മെങ്കിൽ പിന്നെ മററുള്ളവ എങ്ങനെ എവിടുണ്ടായി. ഉള്ളതിൻെറ നേരേകണ്ണടച്ചാൽ ഉള്ളതില്ലാത്തതാവുമോ. ആകയാൽ അവധാനപൂർവം ബുദ്ധിപൂർവം പ്രവ ർത്തിച്ചു് സത്യം കണ്ടെത്താൻ ശ്രമിക്കാം.

വിശ്വം അനുഭവവേദ്യമാണു്. അതില്ലാത്തതെന്നു പറയുക സാദ്ധ്യമല്ലാ.

വിശ്വവിലക്ഷണമാണു് ബ്രഹ്മം. ബ്രഹ്മം ആദി യിലേഉള്ളതു്,എന്നുമുള്ളതു്. ആദിയിൽ ബ്രഹ്മംമാത്രമേ ഉണ്ടായിരുന്നുള്ളു.

ഈ ഭാഗം വരുമ്പോൾ അഭ്യൂഹം നടത്താൻ പററുമോ എന്നു് ശ്രദ്ധാപൂർവമാലോചന ചെയ്യുക.

ലോകോല്പത്തിയ്ക്കു മുമ്പുള്ള ബ്രഹ്മാവലോകനം വേദ

വിധാതാവ് തന്നിരിക്കുന്നതിൽ കൂടിയല്ലാതെ അന്നി ല്ലാതിരുന്നവനോ ഉണ്ടായിരുന്നതായറിയാൻ പോലും വയ്യാത്തവനോ പറയാനൊക്കുമോ.

ഇവകളെല്ലാം ബോധവേദിയിലെത്തിക്കാൻ ശ്രീബോധപുരുഷൻ ശ്രമം നടത്തിയതാണ് വേദാവ സാനേ നാസദീയസൂക്തവും തദനന്തരമറിയപ്പെട്ടും ഉപ നിഷത്തുകളും. നാസദീയസൂക്തത്തിലേയ്ക്കല്പം കടക്കാം.

''നാസദാസീന്നോ സദാസീത്തദാനീ
ന്നാസീദ്രജോന്യോ വ്യോമാപരോയദ്
കിമാവരീവഃ കുഹകസ്യ ശർമ്മ
ന്നംഭകിമാസീദ്ഗഹനങ്ഗഭീരം

നാസദീയസൂക്തം കൊണ്ട് പ്രളയത്തിനെ ബോധ വിധേയമാക്കലാണ് ചെയ്തിരിക്കുന്നതു്. ഇതിൽ ഞാൻ എടുത്തിരിക്കുന്ന നിഗമനം ലയംപ്രാപിച്ച ജഗത്തിനെ അല്ലാ, ലോകത്തിനേയോ അല്ലാ, പിന്നെയോ ലയിയ്ക്കു വാൻ വസ്തുതത്വമോ മറേറതെങ്കിലുമോ ഇല്ലാതിരുന്ന, കാലംപോലും ഇല്ലാതിരുന്ന, അവസ്ഥയെയാണ് കൊണ്ടുകാട്ടുന്നതു്. ലയനസിദ്ധാന്തം തന്നെ ഇവിടെ ഉദയം ചെയ്യുന്നില്ലാ. അതു് തെളിവു കാട്ടിത്തന്നെ പറയാം. ഇതു് മററൊരുതരത്തിൽ പറഞ്ഞാൽ ഇവിടെ ഭാവാവസ്ഥയോ അഭാവാസ്ഥയോ ഉണ്ടായിരുന്നില്ല. അന്തരീക്ഷമോ ആകാശമോ അതിനപ്പുറത്തായി പരി ലസിക്കുന്ന എന്നുപറയും സ്വർഗ്ഗമോ ഉണ്ടായിരുന്നില്ല. ഒന്നുകൂടിവിവരിച്ചാൽ ലോകസങ്കല്പത്തിനു മുമ്പുള്ള ബ്രഹ്മാവലോകനം വേദപുരുഷൻ കാട്ടുകയാണ്. ഇവിടെ അഭ്യൂഹങ്ങളും മററും ഒരു തരത്തിലും ശോഭനീയ ങ്ങളല്ലാ. സൂക്തം തന്നെ ഒന്നു വീക്ഷണം ചെയ്യാം.

അഭാവഭാവം പോലും ഉണ്ടായിരുന്നില്ല എന്നുപറ ഞ്ഞാൽ ശരിക്കുവ്യക്തമായതായി പരിണമിക്കുന്നില്ല. എന്നുപറഞ്ഞാൽ അതും നമ്മാം തെളിച്ചു കാട്ടുകതന്നെ ആണു വേണ്ടതു്. ഇതുപോലും ഒരു നിഷേധപ്രതി ഭാസം എന്നുപറഞ്ഞു തള്ളരുതു്. നൈയ്യായികനും അതാ യതു് ന്യായത്തെ മാത്രം ദശിക്കുന്നവനും അതേ വീക്ഷി ക്കുന്നവനും തൃപ്തിയേ ചെയ്യേണ്ടതുണ്ടു്. അതു ഞാൻ ഒന്നു കാട്ടി പറയട്ടേ അഭാവം എന്നതില്ലായ്മതന്നെ ആണല്ലോ. എന്നാൽ പ്രകാശാഭാവേ ചില വസ്തുതത്വ ങ്ങരം കാണാതാകയും പ്രകാശാധിക്യത്തിലും ചില വസ്തുതത്വങ്ങരം കാണാതാകയും ചെയ്യുന്നുണ്ടു്. സൂര്യൻ പ്രകാശിച്ചുനിലകൊള്ളുമ്പോരം നക്ഷത്രജാലം കാണാ താകുന്നു. മറുവശമാണെങ്കിൽ പ്രകാശാഭാവത്തിൽ പലതും കാണാതാകുന്നുണ്ടല്ലോ. അങ്ങനെ ഉള്ള ഒന്നും തന്നെ ഈ അവസ്ഥയിൽ ഉണ്ടായിരുന്നില്ല. ഇതി ലേറെ വിസ്മയജനകമാകും വിധം മററൊന്നുകൂടികാട്ടാം. ഇല്ലായ്മപോലും വസ്തുതത്വമാകും വിധമാണു്. പ്രകാശ മില്ലായ്മയാണു് ചന്ദ്രനെ മറയ്ക്കുന്നതു്. സൂര്യപ്രകാശ പരിപൂരിതമായ നഭസിൽ ചന്ദ്രനും സൂര്യനുമിടക്കു ഭൂമികറങ്ങികേറിയതു് സൂര്യപ്രഭയേ ഭേദിച്ചപ്പോരം ധൂമം പോലെവാൽനക്ഷത്രത്തിൻെറ വാലുപോലെ ഒരു പ്രകാശാഭാവം ഒരിരുട്ടു സൃഷ്ടമായതിൻെറ ഫലമായു ണ്ടായ ചന്ദ്രഗ്രഹണംപോലെ സൃഷ്ടങ്ങളും കസൃഷ്ടങ്ങളും ഒന്നുംതന്നെ ലോകോത്ഭവത്തിനു മുമ്പു് പ്രളയാവസ്ഥ യിലുണ്ടായിരുന്നില്ല. ആയപോലെ ഭൂലോകം മുതൽ താഴോട്ടുള്ള അധോലോകങ്ങളോ സ്വർഗലോകമെന്നു പറ യപ്പെടും സ്വർഗ്ഗങ്ങളോ ഉണ്ടായിരുന്നില്ല. ഇങ്ങനെ

എത്രമേൽ വേണമെങ്കിലും പറയാൻ സാധിക്കും വിധമാണ് ലോകോത്ഭവത്തിനു മുമ്പുള്ള കാരണസ്വരൂപാവസ്ഥ ബ്രഹ്മസ്വഭാവവർണ്ണന നേതിനേതിയാലലംകൃതമായിരിക്കുന്നതുപോലെ ഇതും മറ്റൊരുതരത്തിൽ ഉണ്ടായിരുന്നില്ല എന്നവസ്ഥകാട്ടി സർവഭാവതിരസ്കാരവും അഭാവതിരസ്കാരവും നടത്തിയിരിക്കുകയാണ്.

അടുത്ത മന്ത്രത്തിന്റെ താൽപര്യം അല്പം പരിഗണിക്കാം.

'നമൃത്യുരാസീദമൃതം നതർഹി
നരാത്ര്യാ അഹ്നആസീൽ പ്രകേതഃ
അനീദവാതം സ്വധയാ തദേകം
തസ്മാദ്ധാന്യന്നപരഃകിഞ്ചനാസ'

ഈ കാലഘട്ടത്തിൽ മരണകാരണനായ മൃത്യു ഉണ്ടായിരുന്നില്ല. മരണമില്ലായ്മ എന്ന അമൃതാവസ്ഥയും അവിടെങ്ങുമുണ്ടായിരുന്നില്ല - പിന്നയോ ആ ബ്രഹ്മം മാത്രം ഏകമായി സ്വതേജസ്സോടുകൂടി സർവദാ നിലനിന്നിരുന്നു.

'തമ ആസീത്തമസാഗൂഹ്ളമഗ്രേ
അപ്രകേതം സലിലം സർവമാഇദം
തുച്ഛ്യേനാഭ്വഹഹിതംയദാസീൽ
തപസസ്തന്മഹിനാജായതൈകം'

ഇതിന്റെയും താൽപര്യം അല്പം മനസ്സിലാക്കികടക്കാം. ഈ മന്ത്രത്തിന്റെ താത്പര്യാർത്ഥം വളരെ കരുതലോടെ മനസ്സിലാക്കണം. ഞാൻ ചിലതു പറയാം. ശ്രദ്ധയാ ശ്രവിച്ചാലും. സർവത്തിനും കാരണമായ

തമസ്സുകൊണ്ടു് എന്നതിനെ അന്ധകാരം കൊണ്ടു് ഇരുട്ടു കൊണ്ടു് എന്നുതന്നെ അറിയണം. ഇരുട്ടു സുഷുപ്തനിലെ വിളിച്ചു കാട്ടുന്നവനാണു്. സുഷുപ്തന്റെ മാഹാത്മ്യം ഏഷസർവേശ്വര, ഏഷസർവജ്ഞ ഏഷോ അന്തര്യാമേഷയോനി സർവസ്യപ്രഭവപ്യയൗഹി ഭൂതാനാം. അങ്ങനെ സർവജഗത്തിന്റേയും മൂലകാരണമായ സുഷുപ്തൻ അഥവാ അന്ധകാരം അഥവാ തമസ്സു് അതായതിരുട്ടു്. ഇപ്രകാരമുള്ള ഈ ഇരുട്ടു് ഈ സുഷുപ്തൻ സർവബോധത്തിന്റേയും കാരണൻ കൂടിയാണു്. അതു് ഞാനിവിടെ അല്പംകൂടി വിവരിക്കാം. സുഷുപ്തിയിൽ ബോധമുണ്ടു്. സുഷുപ്തൻ ബോധവാഹിയാണു്. സർവത്തേയുമേകീഭൂതമാക്കുന്നതും നിഷ്പന്ദിയും അതായതു് കലുക്കമററവനും ചലനരഹിതനും ആണെന്നറിയണം. ബോധവാഹിയെന്നു ഞാൻ പറഞ്ഞതിനെ ഒന്നുകൂടി വിവരിച്ചുകാട്ടാം. തലേന്നുവരെയുള്ള സർവവിജ്ഞാനവും അവന്റെ അറിവിൽപ്പെട്ട ജ്ഞാനവും ഉൾക്കൊണ്ടു് മധുരവാഹിയായ ശക്കര തിന്നവനെപ്പോലെ ബോധവാഹിയായിനിലകൊള്ളലാണു് മിണ്ടാപ്രാണിയായ സുഷുപ്തൻ ചെയ്യുന്നതു്. ഇവിടം കൊണ്ടു് വേദവും വേദാന്തവും സുന്ദരമായ ഒരുസമ്മേളിതഭാവമാണു് അപൗരുഷേയമായ വേദം നമ്മെ പഠിപ്പിക്കുന്നതു്. ശക്കരയുടെ മധുരമെന്തെന്നു് ശക്കരതിന്നവനറിയാം. പക്ഷേ പറയുവാൻ വചസുകിട്ടുകയില്ലാ എന്ന പോലെ സുഷുപ്തന്റെ ബോധം സുഷുപ്തനറിയാമെന്നിരുന്നാലും സുഷുപ്തന്റെ ബോധം പറയാൻ സുഷുപ്തനോ സ്വപ്നവാനോ ജാഗ്രാൽ പുരുഷനോ സാദ്ധ്യമല്ലാത്തതുപോലെ വേദവേദാന്തങ്ങൾ ചൂണ്ടും സുഷുപ്തബോധം ഒട്ടവാച്യമെന്നേ പറയാൻ പററൂ.

ഇത്രയും പറഞ്ഞതു് പ്രളയസമാനമായി പറയപ്പെടും സുഷുപ്താനുഭവം പ്രളയംതന്നെ ആണെന്നുകാട്ടാൻ

കൂടിയാണ്. ഇവിടെ ഒട്ടേറെ മനസ്സിലാക്കേണ്ടതുണ്ട്. സുഷുപ്തൻെറ നിദ്രാവസരം നിത്യപ്രളയമാണ്. ഇതിന് ജലമോ അഗ്നിയോ വായുവോ ആകാശമോ ഒന്നുംതന്നെ ഒരവശ്യഘടകമല്ല അതങ്ങു നടക്കും, അതു നടക്കുന്നുമുണ്ടല്ലോ ആയപോലെ എല്ലാമെല്ലാം

ലോകോല്പത്തിക്കുമ്പ് ബ്രഹ്മമുണ്ട്, ഏകീഭാവമുണ്ട്, ബ്രഹ്മത്തിന് ബോധമുണ്ട് എല്ലാ സുഷുപ്തനേക്കാറം മെച്ചമെന്നു പറഞ്ഞാലും സഹിക്കാം. ഈ ബ്രഹ്മത്തെയാണു പ്രളയപുരുഷൻ എന്നു പറയേണ്ടതു്, അല്ലാതന്നവിടെ ലയിയ്ക്കാനൊന്നുമുണ്ടായിരുന്നില്ലാ സുഷുപ്തസമാനംതന്നെ. അല്ലാതെന്തുസംഭവിച്ചെന്നാ ഒന്നുമില്ലാത്തതു് ലയിക്കേണ്ടല്ലോ ബ്രഹ്മത്തിലൊന്നുമില്ലാ ബോധം മാത്രം ഈ ബോധം ബ്രഹ്മപര്യായം തന്നെ സച്ചിദാനന്ദം. സത്യം ജ്ഞാനമാനന്ദം. സത്യത്തിനു ലയനമോ ജ്ഞാനത്തിനു ലയനമോ ആനന്ദത്തിനു ലയനമോ. പിന്നാർക്കാണു ലയനം. ബ്രഹ്മത്തെ സംബന്ധിച്ചേടത്തോളം ലയനം സാദ്ധ്യമല്ലതന്നെ. പിന്നെ ലയനമാർക്ക്. സുഷുപ്തനുപോലും ലയനമെവിടെ. ഇവിടെ നന്നായി പഠിക്കുക. സ്വപ്നജാഗ്രത്താണ് ലയിയ്ക്കുന്നതു് അതായതു് മായാജന്യജഗത്തു് അതായതു് ബ്രഹ്മത്തിൻെറ ശക്തിയെന്നു പറയപ്പെടാവുന്ന ജഗത്തു്, സുഷുപ്തൻെറ മുമ്പിൽ സർവലോകങ്ങളും താനും അസ്തമിക്കാമെങ്കിൽ ലയിയ്ക്കാമെങ്കിൽ ബ്രഹ്മത്തിൻെറ പടിവാതൽ തോന്നിയാൽ സർവപ്രപഞ്ചവും അതിൻെറ സർവവിസ്തീർണ്ണതയോടും അസ്തമിക്കും. ഇരുട്ടിനേക്കാറം വളരെ വലിയവനാണ് സുഷുപ്തൻ. അവിദ്യാ അന്ധമയോ മുക്തി ആവതുമോക്കണം. ആത്മാവിനെ

പറയുമ്പോൾ മായയെന്നു പറഞ്ഞാൽ മനസ്സിനെ ആണു കുറിക്കേണ്ടതു്.

അങ്ങനെ ബ്രഹ്മം അതിന്റെ ശക്തിയെ സ്തബ്ധമാക്കി തന്റെതന്നാക്കിനിറുത്തും വേളയിൽ മായ ലയിച്ചുവെന്നോ പ്രളയം നിലകൊണ്ടുവെന്നോ പറഞ്ഞു കൊള്ളുക. ഇത്രയും പറകകൊണ്ടു് ഞാൻ കാട്ടുവാൻ ശ്രമിക്കുന്നതു് പ്രളയമെന്നും മററും വേദത്തിലെന്നല്ലെവിടെയും പറയുന്നതു് മായയുടെ ഒരു മാററിമറിച്ചിലെന്നല്ലാതെ ഒരുതരത്തിലും ആത്മാവിനെയോ അതാം ബ്രഹ്മത്തേയോ ബാധിക്കയില്ലാ. അതായതു് ഇതൊന്നും കൊണ്ടു് ആത്മാ കലുങ്ങുന്നുപോലുമില്ലാ. ഇതവിടെ നില്ക്കട്ടെ അടുത്തതു കാണാം.

'കാമസ്തദഗ്രേ സമവർത്തതാധി
മനസോരേതഃ പ്രഥമംയദാസീൽ
സതോബന്ധുമസതിനിരവിന്ദൻ
ഹൃദിപ്രതിഷ്യാകവയോ മനീഷാ.'

മനസ്സിന്റെ രേതസ് ആദ്യകല്പത്തിലെ സൃഷ്ടിയേ ബന്ധിപ്പിക്കുന്ന കർമ്മമനുസരിച്ചു് കാരണമായിനിന്നു് സംഭവത്തെ ചെയ്യുംപ്രകാരമാണു് കാട്ടുന്നതു്. ഇതു് സർവതന്ത്രസ്വതന്ത്രമായ ബ്രഹ്മത്തെ വലയ്ക്കുന്ന ഒരു വലയം കാട്ടി ശാസ്ത്രീകരിക്കലാണു് നടത്താൻ ശ്രമിക്കുന്നതു്. ഇതിന്റെ നേർവഴിക്കുള്ളതും വേദാന്തിയാണു ചെയ്യേണ്ടതു്. അതും നമുക്കു പഠിക്കണം.

സൂര്യപ്രകാശം പ്രഭവേപരത്തുക മാത്രമല്ല ചെയ്യുന്നതു് കാണാത്തതും കണ്ടെത്താൻ പ്രയാസമുള്ളതും കണ്ടിട്ടില്ലാത്തതുമായ ലോകാലോകങ്ങൾ എന്തു് എത്ര എത്ര

വിപുലം. എന്നാൽ ബ്രഹ്മവുമായി തട്ടിച്ചുനോക്കിയാ ലൊന്നുമില്ലാത്ത സൂര്യൻ എത്ര ബൃഹത്ത്, എത്ര എത്ര അത്ഭുതലോകത്തെ അവതരിപ്പിച്ച പരിലസിക്കുന്നു. ജീവിക്കുന്നവർ നിലകൊള്ളുന്നവർ എന്നുവേണ്ടാ എന്തെല്ലാമാരു പറഞ്ഞുതീർക്കും. പിന്നെങ്ങനെ ബ്രഹ്മ ശക്തിപുളകിതമായ ജഗത്ത് കാട്ടുന്നതെന്ത് കാട്ടാത്ത തെന്ത്. ഇപ്രകാരമുള്ള മായാജന്യലോകത്തിൽ ശാസ്ത്രം പടുത്തുകാട്ടി ഭ്രമിപ്പിച്ച് ഇല്ലാ ലോകമുള്ളതാക്കി നില നിർത്തി സംരക്ഷിച്ചുപോരുംവിധമാണ് ഒരു മായാന്ധ കാരം പടുത്തുകാട്ടുന്നത്. ഇതിന്റെ സൂത്രരൂപ സൂക്ഷ്മ വിവരണമാണീ മന്ത്രം.

ഇവിടെ പ്രത്യേകം അറിഞ്ഞിരിക്കേണ്ട ചില വസ്തുതത്വങ്ങളുണ്ട്. മായ എത്രമാത്രം വിരട്ടിയാലും ബ്രഹ്മത്തോളമെത്തുകയില്ല. പട്ടിയുടെ വാലെത്രമാത്രം ചുഴററിയാലും നായോളമാകയില്ലല്ലോ. ആനപ്പിണ്ഡം എത്രമേൽ വലുതെന്നിരുന്നാലും ആനയോളമാകയി ല്ലല്ലോ. ബ്രഹ്മമായി നിലകൊള്ളുമാത്മവാന്റെ ഒരു രോമംപോലുമനക്കാൻ മായ ശക്തയല്ലെന്നറിയണം.

ലോകോല്പത്തികാലത്തു് മായ ലോകസൃഷ്ടിയെ ചെയ്തു പ്രപഞ്ചം മുഴവനുണ്ടെന്നറിയും നിലയായി— പക്ഷേ വിശ്വവിലക്ഷണമത്രേ ബ്രഹ്മം— ബ്രഹ്മം ആദി യിലേ ഉള്ളതു് അതു നശിക്കാതെ വിശ്വമെവിടെ കാണും—ബോധത്തിൽ ബോധക്കേടു നിഴലിച്ചെന്നോ. ബ്രഹ്മം നില്ക്കും വേളയിൽ വിശ്വമില്ല. വിശ്വം ജനിച്ച പ്പോഴേ അതില്ല. ഇതത്രേ അത്ഭുതത്തിലത്ഭുതമായ വേദാന്തസംഭാവന. ഇതത്രേ തനിബോധം. ഇതിനൊരു നൊമ്പലവുമേല്പിക്കാതെ ലോകോല്പത്തിയെങ്ങിനെ

പ്രളയമെങ്ങിനെ. ഇവിടെ അപൗരുഷേയ വേദത്തിൽ ലോകോല്പത്തിയും പ്രളയവും പട്ടുത്തുകാട്ടിഗഹനഗംഭീരമായ നാസദീയസൂക്തം പരിലസിക്കുന്നുമുണ്ട്. ലോകോല്പത്ത്യാദികളുടെ ന്യായം വളരെ ഗഹനമാകയാൽ അതു ശ്രദ്ധയാ കൈകാര്യം ചെയ്യാം. ബ്രഹ്മത്തിനു് അതിന്റേതായ ഒരു ശക്തി മായയെന്നൊന്നുണ്ട്, സൃഷ്ടിക്കുമുമ്പ് പാരമേശ്വരശക്തിയുടെ മായാബീജമായി നിലകൊള്ളും മനസ്സിൽ സൃഷ്ടിജാതമല്ലന്നമായി. ഇതു് ഞാൻ വിവരിച്ചുപറയാൻശ്രമിക്കാം. മായയിൽ സൃഷ്ടിസംബന്ധിച്ച ബോധം സംജാതമാകും വേളയിൽ ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ള. 'ഏകമേവ അദ്വിതീയം ബ്രഹ്മ'. ബ്രഹ്മത്തോടൊപ്പം അതിന്റെ ശക്തി മായയും ഈ മായ കേവലം ജഡമല്ല. മുല്ലപ്പൂമണമേററുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം എന്നു കേട്ടിരിക്കുമല്ലോ. ആയപോലെ ബോധമാത്രമായ ബ്രഹ്മത്തിന്റെ ശക്തിക്കു് ബോധരാഹിത്യം കാട്ടുകയും പ്രയാസമാണു്. അവിദ്യാമായയെന്നുംവിദ്യാമായയെന്നും തരംതിരിക്കും പ്രമാണചിന്തയും സിദ്ധാന്തവും ഉണ്ടായിട്ടുണ്ടല്ലോ. പ്രകാശസ്വരൂപിയായ സൂര്യന്റെ പ്രഭയ്ക്കും പ്രകാശമുണ്ടെന്നതനിഷേധ്യവും സർവസമ്മതവുമാണല്ലോ. ഇതു തന്നെയാണു് പാരമേശ്വരശക്തിയായ മായയിലും സംഭവിച്ചിരിക്കുന്നതു്. മായയ്ക്കു ബോധസ്ഫുരണമുണ്ട്. ആവാം. പക്ഷേ ഒററയ്ക്കുസാദ്ധ്യമാണു്. ബ്രഹ്മത്തോടൊത്തുനില്ക്കണം. ഈ ബോധവാഹിയും കൂടിയായ മായ അതിന്റെ കാര്യനിർവഹണവേളയിൽ പ്രളയപ്രളയാന്തരങ്ങളേയും ജന്മജന്മാന്തരങ്ങളേയും സമ്മേളിപ്പിച്ചു് ജീവജാലസൃഷ്ടി നടത്തി ഈശ്വരനു സമപ്പിക്കുന്നുണ്ട്. ഇതുകൊണ്ടുതന്നെയാണു് മായ മാറിനിന്നാൽ ബ്രഹ്മം പൂജ്യമാണെന്നു് ദേവ്യുപാസകർ പറയുന്നതു്.

ഇങ്ങനെ ആണ് മായ ലോകസൃഷ്ടിയെ ചെയ്യുന്നതു്. മായയിൽ പ്രതിബിംബിതനീശ്വരൻ മായക്കൊട്ടമധീനനല്ലായവൻ. സാഗരപ്രതിബിംബിതൻ സൂര്യൻ സാഗരത്താലേക്ഷോഭിയാകില്ലൊരിക്കലും. അനുഭവം പ്രത്യക്ഷം. ഇത്രയും കൊണ്ടു് ഞാൻ കാട്ടുന്നതു് ബ്രഹ്മം ലോകസൃഷ്ടിയെ ചെയ്യുന്നില്ല. ബ്രഹ്മം സൃഷ്ടിക്കുന്നില്ല. അതിൻേറതായ ശക്തിയിൽ കാണപ്പെടും വസ്തുതത്വങ്ങളാണു് ജഗത്തു്. അതുള്ളതല്ലാ. ബ്രഹ്മബോധോദയം വരേ അതുള്ളു. മായയും അന്തവദിയാണു്. ആത്മാവിൻെറ മുമ്പിൽ അതും അപ്രത്യക്ഷയാകും. മായയെ കടന്നവനിതൊന്നുമില്ലതന്നെ. ഇതിനെ ഒക്കെ പറയും ഭാഗമത്രേ വേദാന്തം.

ബ്രഹ്മസമ്മതമില്ലാതെ ലോകസൃഷ്ടിചെയ്കയാലാണു് ലോകോല്പത്തി സമയത്തുതന്നെ ലോകമില്ലെന്നായതു്. ഇതുതന്നെ മുമ്പ് തെളിയിച്ചു പറഞ്ഞിട്ടുള്ളതാകകൊണ്ടു് അധികം വിവരിക്കുന്നില്ല.

യാ മാ സാ മായാ യാതൊന്നില്ലാത്തതോ അതത്രേ മായ. ഇല്ലാത്തതുണ്ടാക്കും ലോകവും ഇല്ലതന്നെ.

സൂര്യനു് പ്രകാശമുണ്ടു്, സൂര്യനും പ്രകാശവുമുണ്ടു്. സൂര്യനില്ലെങ്കിൽ പ്രകാശമില്ല, സൂര്യൻെറ പ്രകാശത്തെ ഭൂമി മറയ്ക്കുമ്പോൾ പ്രകാശമില്ല സൂര്യനുണ്ടു്. സൂര്യനിൽ നിന്നും പ്രകാശത്തെ വേർപെടുത്തി നിറുത്തിയാൽ പ്രകാശമില്ലാ, സൂര്യനുണ്ടു്. ഉദാഹരണങ്ങൾ പൂർണ്ണമാകുന്നില്ല എങ്കിലും, സൂചന വ്യക്തം കിട്ടുന്നുണ്ടെന്നു കരുതുന്നു.

ഇതുപോലൊരനുഭവമാണു് മായയ്ക്കും ബ്രഹ്മത്തിനു

മുള്ളതു്. ഇതു വ്യക്തമാകുമ്പോഠം ബ്രഹ്മാനുഭവമുണ്ടാ കാൻ തുടങ്ങും. മായയില്ലാതെ, തന്നെ കാണുമ്പോഠം താൻ ബ്രഹ്മമെന്ന ബോദ്ധ്യം വരും. ഇവിടെ മായ വിദ്യാമായയായി അരങ്ങേറും. മായാരഹിതമായ ബ്രഹ്മ മില്ലെന്നു കരുതരുതു്, വിദ്യാമായാ പ്രഭാവത്താൽ മായ യില്ലായ്മയെ പ്രാപിയ്ക്കും — യാമാ സാ മായാ—മായ അന്ത്യവതി എന്നതുമോക്കണം. ഇതു മുമ്പു് ഞാൻ വിവ രിച്ചു തെളിയിച്ചിട്ടുള്ളതുമോക്കണം.

ബ്രഹ്മത്തോടൊപ്പം മായയുണ്ടു്. മായാമോചനം ബ്രഹ്മത്തിനാവശ്യമില്ല. ബ്രഹ്മം ബദ്ധനാകയില്ല. ആത്മാവങ്ങനല്ലാ, ആത്മാ മായാ മോചിതനായില്ലെ ങ്കിൽ ബദ്ധനാകുന്നതനുഭവമാണു്, ആകകൊണ്ടു് ആത്മാ മായാമോചനം സാധ്യമാക്കുകതന്നെ വേണം. അല്ലെ ങ്കിൽ ആത്മ നിലയിൽനിന്നും തരംതാഴ്ന്നു് ഭ്രഷ്ടനായി ജീവനായി ജീവിക്കലിലിടപെട്ടു് കഴിയേണ്ടിവരും. അതുകൊണ്ടാണു് ആത്മമോചനം ശാസ്ത്രം പറയുന്നതു്. ഇവിടമല്പംക്കൂടി പരിചിന്തനം ചെയ്യാം. ആദിയിൽ ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളു. അതായതു് ബോധ സ്വരൂപി. ഇതു് അകംപുറമില്ലാതെ എങ്ങും നിറഞ്ഞു നില്ക്കുകയാണു്. ആത്മാക്കഠം ഇതിൽനിന്നുമുല്പന്നമായ തായി കരുതപ്പെടുന്നു അഥവാ സങ്കല്പിക്കപ്പെടുന്നു. ഇതിന്റെ യാഥാർത്ഥ്യം ചിന്തിക്കപ്പെടേണ്ടതുതന്നെ യാണു്. ജ്ഞാനശാസ്ത്രം ഒരു പ്രവൃത്തിപദ്ധതിയുമാവി ഷ്കരിക്കുന്നില്ല. എന്തെന്നാൽ കർമ്മം ദുഃഖകാരണമാണു്. ഇതു് നൈയ്യായികൻ വരെ സമർത്ഥിച്ചിട്ടുള്ളതാണു്. അജ്ഞാനത്താലേവന്നതാം ദുഃഖത്തെ വിജ്ഞാനം കൊണ്ടല്ലാതെ പോക്കാമോ. ആത്മാക്കഠം ബോധബ്രഹ്മ ത്തിൽനിന്നുമുല്പന്നമായതായാണു് തോന്നൽ അഥവാ

സങ്കല്പം. ഇവിടം വളരെ വിശദീകരണമാവശ്യപ്പെട്ട മിടമാണു്. പറയാം.

ആത്മാ ഏകമോ പലതോ

ബ്രഹ്മത്തിൽ നിന്നുതന്നെ ആണു് സർവവും ഉണ്ടായിട്ടുള്ളതു്.

ബ്രഹ്മത്തിൽനിന്നും യാതൊന്നുമുണ്ടാകുക സാദ്ധ്യമല്ലാ

ബ്രഹ്മത്തിനകംപുറങ്ങളില്ല. ബ്രഹ്മത്തിലുണ്ടായി ബ്രഹ്മത്തിൽ തന്നെ നിലകൊള്ളുന്നു എന്നു പറയേണ്ടിവരും. ബ്രഹ്മത്തിനു് വൈകാരികഭാവം സമ്മതമല്ല. അതുകൊണ്ടു് അതും അംഗീകാരയോഗ്യമല്ല. ഈ വിധമന വിശകലനംചെയ്തു നീങ്ങുമ്പോൾ സർവസിദ്ധാന്തങ്ങളും കൈകാര്യം ചെയ്യേണ്ടിവരും. എങ്കിലേ ശുദ്ധസിദ്ധാന്താവിഷ്കരണം സാദ്ധ്യമാകൂ മാത്രമല്ല ഇവിടെ ഒക്കെ പ്രവേശിച്ചാൽ സർവസമ്മതമായ പ്രത്യക്ഷത്തെ നിഷേധിച്ചു് അനുമാനം ഉപമാനം മുതലായവ തേടേണ്ടിവരും. അമ്മേ വേദാന്തത്തിൻെറ കടമ്പകൾ കടക്കും ഒരു പയ്യനെപ്പോലെ ഞാൻ ചെയ്യും പ്രവർത്തനം ശുദ്ധചൈതന്യത്തെ കാട്ടി സ്വയം സന്തോഷിക്കാനിടവരുത്തണേ. ചിൽസാഗരപ്രളയപയോധിയിൽ നീന്തുക സുഖംതന്നെ ആണു്. ഇതിലെ നീന്തി തുടിക്കും നീന്തൽകാക്കാണു് നൈയ്യായികൻ, വൈശേഷികൻ, യോഗി സാംഖ്യൻ, മീമാംസകൻ, വേദാന്തി മുതലായവർ കടഞ്ഞു കടഞ്ഞു ശുദ്ധരസസംപൂർണ്ണമാക്കി കരുതിവച്ചിരിക്കുന്ന നിവേദ്യങ്ങൾ എറിയുന്നതു്. കിണറു കുഴിക്കുമ്പോൾ ശുദ്ധവെള്ളം കണ്ടെത്തിയാൽ പ്രയത്നികൾക്കു് സംതൃപ്തി പകരുവാൻ ഫലം, ഉണ്ട, ആദിയായവകളെറിയുംപോലെ ആണിതു്. ഇതിലങ്ങനെ

എറിയപ്പെട്ടും നൈവേദ്യങ്ങൾ അനുഭവിച്ചാസ്വദിക്കാം. പരിശോധിക്കാം.

ബ്രഹ്മം ബോധാമൃതം തന്നെ ആണ്. ആ പ്രളയപയോധിയിൽ എറിയപ്പെട്ട നൈയ്യായിക നിവേദ്യമാണ് പ്രമാണമെന്ന ബോധാമൃതം കുറിക്കുന്നത്. ഇതുകൊണ്ടൊന്നും തൃപ്തനാകാത്ത ആത്മപുരുഷന് പ്രമേയമായി, സംശയമായി, പ്രയോജനമായി, ദൃഷ്ടാന്തസിദ്ധാന്താവയവ, തർക്ക, നിർണ്ണയ, വാദ, ജല്പ, വിതണ്ഡാഹേത്വാഭാസ, ഛല, ജാതി, നിഗ്രഹസ്ഥാനാ തത്വജ്ഞാനാന്നിശ്രേയസാധിഗമഃ ഇങ്ങനെ പതിനേഴ് തരത്തിൽ ബോധത്തെ വിശകലനം ചെയ്തുകാട്ടി ഏകമാം ബോധത്തെ ഹൃദിസ്ഥമാക്കി ജ്ഞാനസാഗരമഥനം പൂർത്തിയാക്കി നിശ്രേയസിനേ പ്രാപിക്ക. ഇതത്രേ നൈയ്യായിക സംഭാവന. ഇവിടെ നമുക്കു സ്വായുക്തിയനുഭവങ്ങളും ഇതര ശാസ്ത്രങ്ങളും നമ്മോടുകൂടി നില്ക്കുമോ അതോ ഈ സിദ്ധാന്തം സിദ്ധാന്തത്തിലല്പമാകലേ ഉള്ളോ. അടുത്ത സിദ്ധാന്തവും ജ്ഞാനമാർഗ്ഗപ്രദായിനിയായി കൂട്ടുണ്ടെന്നു കാണാം. ഈ രണ്ടിനേയും നല്ലവണ്ണം വിലയിരുത്തി പഠിക്കുന്നതിനുവേണ്ടി കണക്കാക്കി തർക്കസിദ്ധാന്തത്തിന് അടിത്തറപാകാൻ മുതിരുകയാണ് എന്ന് മനസ്സിലാവും.

'ദുഃഖജന്മപ്രവൃത്തിദോഷമിഥ്യാ
ജ്ഞാനാനാം ഉത്തരോത്തരോപായേ
തദന്തരാപായാദപവർഗഃ'

അടുത്തതെങ്കിൽ ന്യായത്തെ ശാസ്ത്രീകരിക്കുന്നതിന് അടിത്തറ ഉറപ്പിക്കലൊരംഭിക്കലായി.

'പ്രത്യക്ഷാനുമാനോപമാന ശബ്ദാഃ പ്രമാണാനി.'

തുടന്ന് മോചനത്തിനായി അതിന്റെ സിദ്ധാന്തത്തെ പോഷിപ്പിക്കലാണ്.

ഒരുതരത്തിൽ പറഞ്ഞാൽ നൈയ്യായികൻ നിശ്രേയസപ്രാപ്തിക്ക് പ്രവർത്തിക്കുന്നവന് വന്നുപററാവുന്ന സൈദ്ധാന്തിക കുഴപ്പങ്ങളും തത്പരിഹാരങ്ങളും കണ്ടെത്തി പറഞ്ഞു മനസ്സിലാക്കലാണ് ചെയ്യിരിക്കുന്നതു്. വൈശേഷികനാകട്ടെ തന്റെ സഹോദര സംരക്ഷണാർത്ഥം ധർമ്മദണ്ഡായുധനായി കൂടുതൽ സുശക്തഭാവത്തിലാണ് അരങ്ങേറുന്നതു്.

'യതോഽഭ്യുദയാനിഃശ്രേയസഃസിദ്ധിസ്സ്ധർമഃ' ഇതു് വേദം സുസമ്മതമായ പ്രമാണമായിട്ടംഗീകരിച്ചിരിക്കയാണ് വൈശേഷികൻ.

ഇവിടമല്ലം പറഞ്ഞുകൊള്ളട്ടെ. വേദം കഴിഞ്ഞു വേദാന്തമാവാം. വേദം ആദ്യആദിവിജ്ഞാനമാണ്. അതിനുമുമ്പും ബോധം ഉണ്ടായിരുന്നു ഇതിനെ തിരിച്ചറിയാൻ മാർഗ്ഗമുണ്ടോ എന്നാരായണം.

ബോധത്തെ കണ്ടെത്തലിനു് ഒന്നു് ദ്രഷ്ടവേണം കാണുന്നവൻ, അതായതറിയുന്നവൻ രണ്ടാമതറിവിനു വിധേയമാകേണ്ടും വസ്തുതത്വം — അതായതു് വിധേയമാക്കപ്പെടും വസ്തുതത്വം (Object). അറിവെന്ന കരുവേണം ഇവയെല്ലാം ആദിയിലെങ്ങനെല്ലാമിരുന്നിരുന്നു എന്നവകാം വിശകലനവിധേയമാക്കി പഠിക്കണം. ആദ്യം ദ്രഷ്ടാവിനെത്തന്നെ എടുക്കാം. ആദിയിൽ ദ്രഷ്ടാവെങ്ങിനെ, അതുണ്ടായിരുന്നോ, എങ്ങനെയിരുന്നിരുന്നു. ബ്രഹ്മം ആദിയിലേ ഉണ്ടായിരുന്നിരുന്നതിനാൽ ബ്രഹ്മമായോ ആത്മഭാവേനയോ ഇരുന്നിരുന്നു

എന്നു സങ്കല്പിക്കാം. ഇവിടെ ആത്മാവെന്നൊന്നിനെ വലിച്ചിഴച്ചു കൊണ്ടുവന്നതെന്തിനു്, പറയാം,

ബ്രഹ്മം ആദിയിലേ ഉള്ളതും അന്യമില്ലാത്തതുമാണെന്നതോക്കണം. അന്യമില്ലാത്തതന്യത്തെ കാണുകില്ലല്ലോ. പിന്നെങ്ങനെ ദൃക്കാകും ദൃശ്യം കാണും. ബ്രഹ്മത്തിൽ പെരു കയ്യേക്കാനാളിനെ കിട്ടുകയില്ലാ. ഇവിടെയാണു് ബ്രഹ്മവീചിയുടെ തിരതല്ലൽ. സച്ചിദാനന്ദത്തെ ഞാനൊന്നു കാട്ടട്ടെ. അലംഘനീയമായ നിത്യനിൽ ബോധം നിറവുററുനില്ക്കുമ്പോൾ ആനന്ദം തുളുമ്പുന്നുവെങ്കിൽ അതിശയിക്കാനില്ലല്ലോ.

ലോകം കണ്ടതിലും അറിഞ്ഞതിലും ഏററവും അത്ഭുതം ആത്മസംഭവമാണു്. ഇതു് സൃഷ്ടിക്കപ്പെട്ടതല്ല സൃഷ്ടിയിൽപ്പെട്ടതല്ല.

ഈ അത്ഭുതനെ ഉപനിഷത്തല്ലാതെ ആരും വിവരിക്കുന്നില്ല. ശ്രീശങ്കരൻെറ വീക്ഷണത്തിൽ

'നാഹം മനുഷ്യോ നച ദേവയക്ഷോ
നബ്രഹ്മചാരീ ന ഗൃഹീവനസ്ഥോ
ഭിക്ഷുർനചാഹം നിജബോധരൂപ.'

ഇനിയും ചില ഉപനിഷദ് പ്രതിപാദ്യങ്ങളിലേക്കു കടക്കാം.

'ആത്മാഹം സർവഭൂതാനാം
വിഭുസാക്ഷീ ന സംശയ'

ഞാനെന്നറിയപ്പെടും വസ്തുതത്വം ആത്മാ സർവഭൂതങ്ങളുടേയും വിഭുവും സാക്ഷിയുമാണു് എന്നതിനു് സംശയമില്ലതന്നെ.

ഇതിനെത്തന്നെ കൂടുതൽ വിവരിക്കാൻ ശ്രമിച്ചിരിക്കുന്ന മന്ത്രഭാഗങ്ങൾ കൂടി പഠിക്കാം.

'സത്യം ജ്ഞാനമനന്തമാനന്ദം
സർവശരീരോപാധിവിനിർമുക്തം
കടകമകുടാദ്യുപാധിരഹിത
സുവർണ്ണഘനവദ്വിജ്ഞാന
ഘനചിന്മാത്രസ്വഭാവമാത്മ
ചൈതന്യം ബ്രഹ്മയദവഭാസതേ
തദവിദ്യോപാധികം ത്വം പദാർത്ഥ-
സ്സ്വപ്രത്യഗാത്മാ'

സത്യം ജ്ഞാനമനന്തമാനന്ദമായിരിക്കുന്നതും സർവ ശരീരോപാധിയിൽനിന്നും വിനിർമുക്തവും, കടകമകുടാദിയായ ഉപാധികളില്ലാത്തവനും കേവല കട്ടിസ്വർണ്ണ വിജ്ഞാനഘനമാത്ര സ്വഭാവനായിരിക്കുന്നവനും അതായതു് ബോധം, ആത്മാ, ബ്രഹ്മം ഈ വിധേന ഉള്ളതുമായി യാതൊന്നു് പ്രകാശിക്കുന്നുവോ അത വിദ്യോപാധിയിൽപെട്ടതും ത്വംപദം കാട്ടുന്നതുമായ പ്രത്യഗാത്മാവാകുന്നു.

'സത്യം ജ്ഞാന,മനന്തം, ആനന്ദം സർവജ്ഞത്വാദ്യുപേതം മായോപാധികം തൽപദാർത്ഥം പരമാത്മാ'

സർവോപാധിവിനിർമുക്തം
നിർവിശേഷചിന്മാത്രം
സദദ്വൈതമാനന്ദമമായം ബ്രഹ്മ:

സത്യം, ജ്ഞാന, മനന്തമാനന്ദമായും സർവജ്ഞത്വത്തോടുകൂടിയതും മായോപാധി ഉള്ളതും തത്പദത്തെ കാട്ടുന്നതുമായ യാതൊന്നുണ്ടോ അതിനെ പരമാത്മാ എന്നുപറയണം. എന്നാൽ ഈ പരമാത്മാവും ബ്രഹ്മവും എങ്ങനെ വേർതിരിക്കപ്പെട്ടിരിക്കുന്നു എന്നു് സുവ്യക്തം കാട്ടും വ്യത്യാസരേഖ ബ്രഹ്മനിർവചനത്തിൽ എത്ര നിർമ്മലമായി കൈകാര്യം ചെയ്തു എന്നതു ശ്രദ്ധിക്കുക.

സർവോപാധിവിനിർമുക്തം — സർവോപാധിയിൽ നിന്നും മുക്തവും, നിർവിശേഷചിന്മാത്രവും അദ്വൈതവും സത്തും ആനന്ദവും, മായാരഹിതവുമായതിനെ ബ്രഹ്മമെന്നറിഞ്ഞാലുമെന്നാണ് ശ്രുതിഅരുളം. ഇവിടം പ്രത്യേകം ശ്രദ്ധിക്കണം. പരമാത്മാവിനേയും ബ്രഹ്മത്തേയും വേർതിരിച്ചുകാട്ടും രേഖ അഥവാ ജ്ഞാനം ഒന്നു്, മായോപാധിയുള്ളതു് മറേറതു് മായാഹീനവുമാണെന്നതാണു്. ഇവിടം കൊണ്ടും നില്ക്കരുതു്, ഇതിലും പ്രധാനമായ ചിലതു് നാമറിയേണ്ടതുണ്ടു്. അതുകൂടി കാട്ടിത്തരട്ടേ ശ്രദ്ധയാ ഭക്തിയോടെ മനസ്സിലാക്കുക.

'ആത്മാഹം സർവഭൂതാനാം
വിഭുസാക്ഷീനസംശയ-
ബ്രഹ്മൈവാഹം സർവവേദാന്തവേദ്യം
ബ്രഹ്മൈവാഹം സച്ചിദാനന്ദരൂപം.

അഹം എന്നറിയപ്പെടും നാം—ആത്മാഹം, സർവഭൂതത്തിനും ആത്മാവാണു് — സർവവ്യാപിയും നിത്യനും ശക്തനും എല്ലാമറിയുന്നവനും തത്വമറിയുന്നവനുമാണു്. ശിവൻ, വിഷ്ണു, ബ്രഹ്മാവ്, ആത്മാ എന്നെല്ലാം പറയാവുന്നതാണു്. സർവസാക്ഷിയാണു് ഇതിനൊന്നും ഒരു സംശയവുമില്ലാത്തതാണു്. ആ ബ്രഹ്മം തന്നെയായ ഞാൻ സർവവേദാന്തങ്ങളാലും അറിയപ്പെടും സച്ചിദാനന്ദരൂപിയായ ബ്രഹ്മംതന്നെ ആണു്.

ഇങ്ങനെയാണു് ആത്മവിജ്ഞാനീയഗതി. ഈ ആത്മാ പൂർണ്ണത്തിൽനിന്നും വിയോഗിക്കയല്ലാ അതിന്റെ പൂർണ്ണത്തിന്റെ വിവിധ വശങ്ങളെ വെളിപ്പെടുത്തൽ നിർവഹിക്കലാണു് ചെയ്യുന്നതു്. അതിൽ നാമെങ്ങനെ അറിഞ്ഞു നിലകൊള്ളും. എങ്ങനെ നിലകൊള്ളണം. ഈ വകകാര്യം അല്പമെങ്കിലും കണ്ടെത്താൻ

ശ്രമിക്കാം. ശ്രദ്ധയാ അനുഗമിക്കുക. എങ്ങനെ എന്നു കാട്ടാം. അഹം—ആത്മാ—ബ്രഹ്മം എന്നു് മൂന്നു തത്വാവിഷ്ക്കരണം വേദാന്തം ചെയ്തിട്ടുണ്ടു്.

ഒന്നു് ഞാൻ— ഇതു് അത്യന്തം മോഹനവും അറിഞ്ഞിരിക്കേണ്ടതുമാണു്. ഈ ഞാനെവിടെ ആണെന്നില ഉറപ്പിച്ചിരിക്കുന്നതു്. ദേഹേ ആണെന്നൊരുപക്ഷം. അല്ലാഅല്ലാ എന്നപരൻ, എല്ലാററിനുമുള്ളിൽ എന്നൊരു വിശദീകരണം. ആ ഉള്ളേതു് എന്ന ചോദ്യമായി. ഞാൻ കാലല്ല കൈയ്യല്ലാ എന്നിങ്ങനെയുള്ള അതല്ലാ, വിവരണം ചെന്നെത്തുന്നതു് നിർണ്ണായകമല്ലെങ്കിൽ എങ്ങിനെ വ്യക്തമാകും. അതല്ലാ പ്രയോഗത്താൽ അഹത്തെ വിവരിക്കും പ്രകാശമെങ്ങനെ എന്നും അല്പം പഠിച്ചുനോക്കാം.

'നിത്യചിന്മാത്രോ അഹം സദാശിവഃ നാഹം കർത്താ—നൈവഭോക്താ—ആത്മാഹം സർവഭൂതാനാം—വിഭുഃസാക്ഷീന സംശയ—ബ്രഹ്മൈവാഹം സർവവേദാന്തവേദ്യം — നാഹംവേദ്യം— വ്യോമവാതാദിരൂപം—രൂപനാഹം—നാമനാഹം — ബ്രഹ്മൈവാഹം സച്ചിദാനന്ദരൂപം — നാഹം ദേഹോ – ജന്മമൃത്യുകുതോമേ – —നാഹം കാരക്ഷുൽപിപാസകുതോമേ — നാഹം ചേതശ്ശോകമോഹകുതോമേ — നാഹം കർത്താ ബന്ധമോക്ഷകുതോമേ — ഇതി മുനീന്ദ്രശ്യവാണ്യവാച — സത്യമിതി മുനീന്ദ്രശ്യവാണ്യവാചസത്യമിത്യുപനിഷത്—ഇതി സർവസാരോപനിഷത്—സമാപ്തം.

അഹം അഥവാ, ഞാൻ ഞാൻ എന്നറിയപ്പെട്ടും ഞാൻ നിത്യബോധമാത്രനാണു്, സത്യബോധമെന്ന നിലയിലറിയപ്പെടുന്നവനാണു്. സർവദാ മംഗളകാരിയാണു്, ഞാൻ എന്ന തത്വം കർത്താവല്ലാ, ഭോക്താവുമല്ലാ സർവഭൂതങ്ങൾക്കും ആത്മാവായുള്ളവനത്രേ സർവ

ശ്രേയസ്വിയും സാക്ഷിയുമാണ്, ബ്രഹ്മം തന്നെ ആണ് ഞാൻ. സർവവേദാന്തങ്ങളാലുമറിയപ്പെടേണ്ടവനാണ ഞാൻ, എന്നൊക്കെ വേദാന്തം സുദൃഢം ഉറപ്പിച്ചുതരുന്നതാണ്. അഹമായ് പറയപ്പെട്ടും ഞാൻ.
അതുതന്നെ ആയ ആത്മാവിനെ ശ്രുതിപറയുംവിധം കാണാം,

'ഓമിത്യേദക്ഷരമിദം സർവം
തസ്യോപവ്യാഖ്യാനം ഭൂതം
ഭവത് ഭവിഷ്യദിതിസർവ
മോങ്കാര ഏവ യച്ചാന്യത്ത്രികാ-
ലാതീതം തദപ്യോങ്കാര ഏവ
സർവംഹ്യേതത് ബ്രഹ്മ അയമാത്മാ ബ്രഹ്മ-

ഇതിനെ മുമ്പുതന്നെ പരിചയപ്പെടുത്തിയതാണല്ലോ. അതുകൊണ്ട് കൂടുതൽ പറയുന്നില്ല. അതു പോലെതന്നെ പ്രത്യഗാത്മപ്രകൃതേന 'ത്വം' പദാനുയായിയായും പരമാത്മാസ്വഭാവേന 'തത്' പദപ്രകൃതനായും അറിയപ്പെട്ടും വിധേനയും ആത്മാ നിലകൊള്ളുന്നതായി പറയപ്പെടുന്നു. എന്നാൽ മുമ്പു പറഞ്ഞ ഉപനിഷത് മന്ത്രത്തിൽ സർവം ഹ്യേതത് ബ്രഹ്മ, കഴിഞ്ഞു് അയമാത്മാ ബ്രഹ്മ എന്നു കാട്ടുന്നുണ്ട്. മാത്രമല്ലാ ' സോയമാത്മാചതുഷ്പാത് ' എന്നുകൂടി വിന്യസിച്ചു കാട്ടുകയും ചെയ്യുന്നു. അതെങ്ങനെയാണ് വിന്യസിക്കപ്പെട്ടിരിക്കുന്നതു്. 'ഏഷ സർവേശ്വര — ഏഷ സർവജ്ഞ ഏഷ അന്തര്യാമ്യേഷയോനി സർവസ്യ പ്രഭവപ്യയൗഹിഭൂതാനാം — എന്നു പറഞ്ഞുവച്ചു. എടാ എന്റെ ഞാനേ — എന്റെ ആത്മാവേ — സർവേശ്വരനും നീയേ — സർവജ്ഞനും നീയേ — സർവത്തിനും പ്രഭവവും നീയേ — ലയസ്ഥാനവും നീയേ — ഇപ്രകാരേണ വേദാന്തം സുദൃഢം കഥിക്കേ ഈശ്വരകന്ദം തന്നെ

ആണാത്മാ എന്നു പറയപ്പെട്ടു. ഞാനെന്തിനാണ്, ഞാനിതൊന്നുമല്ലാ മലമൂത്രാദിനിർമ്മാണസഞ്ചിയാണ് തോൽതുരുത്തിയാണ് എന്നെങ്ങു ശ്രുതി സമ്മതമില്ലാഞ്ഞിട്ടും, അതൊക്കെയാണ് ഞാൻ എന്നു പറയും ശാസ്ത്രവും ഇല്ലെന്നിരിക്കേ എവിടുന്നു കിട്ടി ഈ വിസ്ഥി ചിന്തനം—ഇതാണ് മായ. ഇതത്രേ മായാവൈഭവം, ഇതെന്നിൽ കിളിക്കും വിചാരവീഥിയാണ്, സങ്കല്പജാലമാണ്. ആഗ്രഹമുകരം നാമ്പെടുത്തതാണ്, ഇത്തിൾ പിടിച്ച് അനവധി കസ്തൂരിമാവുകൾ നശിപ്പിക്കും പോലെ മായാജാലം അനവധി നിർമ്മലാത്മനാശത്തെ ചെയ്യുന്നു. ഇതു കണ്ടായിരിക്കാം വേദാന്തശാസ്ത്രം ഉടലെടുത്തതു്. മനോനാശേമഹോദയം. മഹോദയമത്രേ തത്വജ്ഞാനോദയം. ഇങ്ങനെല്ലാമറിഞ്ഞിരിക്കേ വിരണ്ടോടും ജന്തു തീയിൽ വീണു ചാകും പോലെ, പതറാതെ കാലിടറാതെ, ഒരു ജന്മം പരീക്ഷിച്ചുനോക്കുക. നിങ്ങളുടെ മുൻഗാമി ശ്രീരാമചന്ദ്രനു് ശ്രീവസിഷ്ഠനരുളിക്കൊടുത്തതോർക്കുക. 'നിത്യവും ശാന്തയായ് സ്വച്ഛധീയായുള്ള വ്യത്യാസമടുക്കുന്ന കാര്യങ്ങളൊക്കെയും.'

സർവവേദാന്തശാസ്ത്രവും അതിനെ അനുകൂലിക്കും ഗീതകളും പുരാണങ്ങളും എല്ലാം ആത്മാ പരിപൂർണ്ണനാണ് ബ്രഹ്മംതന്നെ ആണെന്നേ പറയുന്നുള്ളു. ഇതെല്ലാം കേട്ടിട്ടും, അറിഞ്ഞിട്ടും, ഞാൻ, മനുഷ്യനാണ്, പാവമാണ്, പരവേശിയാണ്. ദുഃഖിയാണ്, ഈശ്വരോപാസകനാണ് എന്നെല്ലാം പറഞ്ഞു കരകയല്ലാതെ, താനാത്മാവാണ്, പരിപൂതമാണ് ബ്രഹ്മമാണെന്നൊന്നു നിശ്ചയിക്കുന്നതിലിത്ര വൈഷമ്യമെന്തേ.

ഗീത 'ആത്മന്യേവാത്മനതുഷ്ടഃ
സ്ഥിതപ്രജ്ഞസ്തദോച്യതേ'

ആത്മാവുകൊണ്ടു് ആത്മാവിൽ തൃപ്തനായിരിക്കുന്നവൻ പ്രജ്ഞയിൽ നിലകൊള്ളുന്നവനാകുന്നു.

ശ്രീരാമഗീ: അഖണ്ഡോഹമനന്തോഹം
പരിപൂർണ്ണോഹമദ്വയഃ
ഇതിധ്യാനംഭവേദ്യസ്യ
സജീവന്മുക്തതാമിയാൽ

ഈപ്രകാരേണയൊക്കെയാണു് ഇങ്ങനൊക്കെയാണു് ഗീതകളും പാടുന്നതു് എന്നാലും അതൊക്കെ ആരു ഗണിക്കാനാണു്. ആകകൊണ്ടു് ആത്മാവിനെ ശ്രുതി വിശദീകരിക്കും പ്രകാരം എങ്ങനെന്നു് പഠിക്കാം. ആത്മാവിനെ മൂന്നു പ്രകാരേണ ആത്മോപനിഷത്തു് വിവരിക്കുന്നുണ്ടു്. ബാഹ്യാത്മാ, അന്തരാത്മാ, പരമാത്മാ എന്നീ വിധത്തിൽ, ഇതിൽ ഓരോന്നിനേയും നമുക്കല്പം പഠിക്കവാനൊക്കുമെങ്കിൽ പഠിക്കതന്നെ വേണം.

'ത്വക് ചർമ്മ മാംസരോമാംഗുഷ്ഠാ
ഗുല്യഃ പൃഷ്ഠർവശനഖഗുല്ഫോദര
നാഭിമേഢ്രകടൂരുകപോല
ശ്രോത്രഭ്രൂലലാടബാഹുപാർശ്വശി
രോക്ഷിണി ഭവന്തിജായതേമ്രി–
യത ഇത്യേഷ ആത്മാ'

ഈ വിധേന സ്ഥൂലശരീരത്തിന്റെ ആത്മഭാവം ശ്രുതിപറഞ്ഞംഗീകരിക്കയാണു്. ഇപ്രകാരം പ്രതിഫലിക്കുമ്പോഠം നാം സാധാരണ അല്ലാത്ത ചിലതു് പഠിക്കേണ്ടതുണ്ടു്. അതു് ഞാനല്പം വിവരിക്കാൻ കഴിവതു നോക്കാം.

ആത്മാ ബ്രഹ്മം എന്നെല്ലാം പറയുന്നതു് സൂക്ഷ്മാതി

സൂക്ഷ്മബോധം തന്നെ ആണ്. ഈ ബോധത്തിന്റെ വസ്തുതത്വരൂപമാണ് മുൻപറഞ്ഞ ത്വക് മാംസാദി ശരീരഘടനാപരമായ സ്ഥൂലാത്മാവിന്റെ വിവരണം. ഈ ശരീരപരമായ സ്ഥൂലാത്മാവുതന്നെയാണ് ശരീരം. ഇതു പറയുമ്പോൾ പിണ്ഡശരീരം ആത്മപുരുഷനെന്നു വിവരിക്കലോ എന്നു ചോദിച്ചേക്കാം. അതേ എന്നുതന്നെ മറുപടിയും. എന്തെന്നാൽ ലോകത്തിലുള്ളതും ലോകമാകമാനവും മനുഷ്യശരീരത്തിൽ ഉപഗ്രഹനം ചെയ്യപ്പെട്ടിട്ടുണ്ട്. അപ്രകാരമുള്ള ഈ ശരീരനിർമ്മാണാനന്തരം പരിശോധനയിൽ പാരമേശ്വരശക്തിക്കുതന്നെ ബോധ്യം വന്നതുകൊണ്ടാണ് ഇതിനെ തന്റെ വാസത്തിനു പററിയതെന്നു കണ്ടിട്ട് അതിൽ സ്ഥിതമായതു്. ഇവയെല്ലാം വിവരിച്ചു പഠിച്ചു മനസ്സിലാക്കിയാൽ, ഇവയുടെ എല്ലാ അംശവും ആത്മാ തന്നെ എന്നു ബോധ്യം വരും. ഇതിന്റെ ബോധ്യതയ്ക്കു് ഉത്തമജിജ്ഞാസുക്കളായ ഭക്തനും, യോഗിയും, ജ്ഞാനിയും സാക്ഷിയായ് വരും. ഇതും ഞാനല്പം വിശദമായി അനുഭവജ്ഞാനപ്രകാശനത്തോടെ വിവരിച്ചുകാട്ടാം.

ആദ്യമായി ബാഹ്യാത്മാ എങ്ങനെ ആത്മാവാകും ഏതു വിധേന അതു് ബോധമാകും എങ്ങനെ അതു് ബ്രഹ്മമാകും ഇതെല്ലാം പറക്കി പറക്കി മനസ്സിലാക്കി പഠിച്ചുമാറണം.

ലഘുവാസിഷ്ഠം —

'സ ഏവ സംവിത്സ
പുമനഹന്താപ്രത്യയാത്മകാ
സയദോദേതിസംവിത്യാ
സപദാർത്ഥ ഇതിസ്മൃതാ.'

ശാമുമേനവമലയാളം—

'സംവിത്യാഘടപടാദ്യങ്ങ-
ളായ് ഭവിച്ചോരു ജീവനെ
തന്നെ പദാൎത്ഥമെന്നോതീടുന്നു.'

വാസിഷ്ഠം 'ബന്ധോയം ദൃശ്യസംഭാവാദ്
ദൃശ്യാഭാവേ ന ബന്ധനം
ന സംഭവതിദൃശ്യം തു
യഥേതംതച്ഛൃണുക്രമാത്
ഉത്പദ്യതേയോ ജഗതി
സ ഏവകിലവർധതേ.'

ഇങ്ങനെല്ലാം ശാസ്ത്രഭാഗം കാണുന്നുണ്ട്. അതുപോലെ തന്നെയാണ് ബാഹ്യാത്മവൎണ്ണനയും— ത്വക്, ചൎമ്മ, മാംസ, രോമാദി ആയി ആത്മഭാവം ഭവിച്ചുനില്ക്കുന്നതും ഒരാളൊരുവഴിക്കു പോകുമ്പോൾ മറ്റൊരുത്തൻ നിങ്ങളെങ്ങോട്ടാ പോകുന്നതെന്നു ചോദിച്ചു ആ ദേഹവാനേ ആണെന്നുന്നതു്. അതായതു് ബാഹ്യാത്മപുരുഷനെയാണെന്നുന്നതു്. ഇങ്ങനെ താൻ മാത്രമല്ലാ തന്നെ ദേഹാത്മാവായി കരുതുന്നതു്. അന്യനും തന്നേയും ആ ആളിനേയും ദേഹവാനായാണു കാണുന്നതു്. ആകയാൽ ദേഹം ബാഹ്യാത്മാതന്നെ. ഇതുകൊണ്ടുമായില്ല കൂടുതൽ വ്യക്തമാക്കാം.

ജീവജഡപരിചിന്തനംതന്നെ ചെയ്തുനോക്കാം. വാസ്തവത്തിൽ ജഡമുണ്ടോ. 'സവിത്യാഘടപടാദ്യങ്ങളായി ഭവിച്ചോരു ജീവനെതന്നെ പദാൎത്ഥമെന്നോതീടുന്നു എന്നു് ശ്രീവസിഷ്ഠൻ ശ്രീരാമചന്ദ്രനു് പറഞ്ഞുകൊടുക്കുന്നു.

ആദിയിൽ ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളു.

ഉപാധിരഹിതമായ നിർഗ്ഗുണബ്രഹ്മം, ബോധജ്യോതിസ്സ്. 'വ്യാമിശ്രമായ ലോകമറിവിന്നുള്ളിലായി— രാമാവായുവിന്നുള്ളിൽ നാനാസ്പന്ദനംപോലെ വർത്തിച്ചുകൊണ്ടീടുന്നു.' (വാസിഷ്ഠം ശാമുമേനവൻ)

'വ്യാപ്തമായീടുന്നൊരുദിക്കാലങ്ങളാക്കമപ്പുറമായ്– ശുദ്ധമായീടുന്നോരു സർവാത്മജ്ഞാനംതന്നെ – ഏതുമാതിരിയായിമാറിക്കൊള്ളുന്നിതതേമാതിരിയായിട്ടുള്ള ദേഹവും വിളങ്ങുന്നു. (വാസിഷ്ഠം) ഇത്രയും പറഞ്ഞതുകൊണ്ടു് ബാഹ്യശരീരം എന്നതാത്മാവാകാം എന്നുവന്നല്ലോ. ഇതിൻെറ ശാസ്ത്രസമ്മതവും വന്നു. ഉപനിഷത്.—

ആത്മോപനിഷത്

'അഥാന്തരാത്മാനാമ
പൃഥിവ്യാപസ്തേജോ
വായുരാകാശമിച്ഛാദ്വേഷ
സുഖദുഃഖകാമമോഹ
വികല്പനാദിസ്മൃതിലിംഗ
ഉദാത്താനുദാത്തഹ്രസ്വദീർഘ
പ്ലുതസ്ഖലിതഗർജ്ജിതസ്ഫുടിത
മുദിതനൃത്തഗീതവാദിത്ര
പ്രലയവിജൃംഭിതാദിഭിഃ
ശ്രോതാഘ്രാതാരസയിത
ന്താബോധകർത്താവിജ്ഞാനാത്മാ
പുരുഷപുരാണന്യായമീമാംസാ
ധർമ്മശാസ്ത്രാണീതിശ്രവണ
ഘ്രാണാകർഷണകർമ്മവിശേഷണം
കരോത്യേഷോന്തരാത്മാനാമ'

അന്തരാത്മാവിലുറപ്പെടുത്തി മുൻപറഞ്ഞ പൃഥിവീതുടങ്ങിയ പഞ്ചഭൂതങ്ങളും സുഖദുഃഖകാമാദിമാനസിക

വിജൃംഭണങ്ങളും താദൃശങ്ങളായ ഉപനിഷത് വിസ്തരണകാട്ടും വസ്തുതത്വങ്ങളും വിവരിച്ചിട്ട് ഇവകളും ആത്മതത്വങ്ങളായി വിവരിച്ചു കാട്ടുന്നു. ഇതിനെ മനസ്സിലാക്കാൻവേണ്ടി മററുപനിഷത്തുക്കളേയും ആധാരമാക്കി അല്പംകൂടി കാട്ടതെളിക്കാം.

അദ്ധ്യാത്മോപനിഷത്

'ഹരിഃ ഓം അന്തഃശരീരേനിഹിതോഗുഹായാ
മ ജ ഏകോനിത്യമസ്യപൃഥിവീശരീരം യഃ
പൃഥിവീമന്തരേനന്യം പൃഥിവീനവേദ,
യസ്യാപഃശരീരം യോഽപോ അന്തരേ
സംചരൻ യം ആപോനവിദുഃ
യസ്യതേജഃ ശരീരം യസ്തേജോഽന്തരേ
സംചരൻ യം തേജോനവേദ
യസ്യവായുഃ ശരീരംയോവായുമന്തരേ
സംചരൻ യം വായുർനവേദ
യസ്യാകാശശരീരം യ ആകാശമന്തരേ
സംചരൻയമാകാശോ നവേദ
യസ്യമനഃ ശരീരംയോ മനോ അന്തരേ
സംചരൻ യം മനോ നവേദ
യസ്യബുദ്ധി ശരീരംയോ ബുദ്ധിമന്തരേ
സംചരൻ യം ബുദ്ധിർനവേദ
യസ്യാഹങ്കാരശരീരംയോഽഹംകാരാന്തരേ
സംചരൻയമഹംകാരോനവേദ
യസ്യചിത്തം ശരീരംയശ്ചിത്തമന്തരേ
സംചരൻ യംചിത്തംനവേദ
യസ്യാവ്യക്തംശരീരം യോഽവ്യക്തമന്തരേ
സംചരൻ യമവ്യക്തം നവേദ
യസ്യാക്ഷരം ശരീരംയോ അക്ഷരമന്തരേ
സംചരൻയമക്ഷരംനവേദ

യസ്യമൃത്യു ശരീരം യോമൃത്യുമന്തരേ
സംചരൻയംമൃത്യുർനവേദ
സ ഏഷ്വസർവഭൂതാന്തരാത്മാ അപ–
ഹതപാപ്മാദിവ്യോദേവ
ഏകോ നാരായണഃ

ശരീരത്തിൻെറ ഉംഭാഗത്തുള്ള ഹൃദയഗഹ്വരത്തിൽ അജനായ ഭവനല്ലാത്ത ഭഗവാൻ നിത്യം നിലകൊണ്ടിരിക്കുന്നു. ഇതിൻെറ ശരീരം അതായതു് ദേഹിയെ ഉംക്കൊള്ളുന്ന ദേഹം പൃഥിവിയാണു്. ഇതു് പൃഥിവിയ്ക്കുള്ളിലുണ്ടെങ്കിലും പൃഥിവി അതിനെ അറിയുന്നില്ല. അപ്പതിൻെറ ശരീരമാണു് അപ്പിൻെറ ഉള്ളിൽ. ആ അജൻ സഞ്ചരിക്കുന്നുവെങ്കിലും ജലമതിനെ അറിയുന്നില്ല.

അതിൻെറ ശരീരം തേജസാണു്. തേജോന്തർഭാഗത്തു് അതു് സഞ്ചരിക്കുന്നുവെങ്കിലും തേജസ്സതിനെ അറിയുന്നില്ല.

വായു അതിൻെറ ശരീരമാണു്. വായുവിനുള്ളിൽ അതു് സഞ്ചരിക്കുന്നുണ്ടെങ്കിലും വായു അതിനെ അറിയുന്നില്ല,

ആകാശമതിൻെറ ശരീരമാണു്. ആകാശത്തിനുള്ളിൽ അതു് സഞ്ചരിക്കുന്നുണ്ടെങ്കിലും ആകാശമതിനെ അറിയുന്നില്ല.

മനസ്സതിൻെറ ശരീരമാണു്. മനസ്സിൻെറ അന്തർഭാഗത്തു് അതു് സഞ്ചരിക്കുന്നുണ്ടെങ്കിലും മനസ്സിനു് അതിനെ അറിയാൻ കഴിയുന്നില്ല,

ബുദ്ധി അതിൻെറ ശരീരമാണു്. ബുദ്ധിക്കുള്ളിൽ

അതു് സഞ്ചരിക്കുന്നുണ്ടെങ്കിലും ബുദ്ധി അതിനെ അറിയുന്നില്ല.

അഹംകാരമതിന്റെ ശരീരമാണു്. അഹംകാരത്തിനുള്ളിൽ അതു് സഞ്ചാരം ചെയ്യുന്നുവെങ്കിലും അഹംകാരം അതിനെ അറിയുന്നില്ല.

ചിത്തം അതിന്റെ ശരീരമാണു്. ചിത്തത്തിനുള്ളിൽ അതു് സഞ്ചരിക്കുന്നുവെങ്കിലും ചിത്തം അതിനെ അറിയുന്നില്ല.

അവ്യക്തമതിന്റെ ശരീരമാണു്. അവ്യക്തത്തിനുള്ളിൽഅതു്സഞ്ചാരത്തെചെയ്യുന്നുവെങ്കിലുംഅവ്യക്തം അതിനെ അറിയുന്നില്ല.

അക്ഷരമതിന്റെ ശരീരമാണു്. അക്ഷരത്തിനുള്ളിൽ ഇതു സഞ്ചരിക്കുന്നുവെങ്കിലും അക്ഷരം അതിനെ അറിയുന്നില്ല.

മൃത്യു അതിന്റെ ശരീരമാണു്. മൃത്യുവിനുള്ളിൽ ഇതു സഞ്ചരിക്കുന്നു. എങ്കിലും മൃത്യു അതിനെ അറിയുന്നില്ല. അതുതന്നെയാണ് സർവഭൂതങ്ങളുടേയും അന്തരാത്മാവു്.

ഇത്രയുംകൊണ്ടു് ആത്മാവും അന്തരാത്മാവും പറയപ്പെട്ടുവല്ലോ. ഇനിയും പരമാത്മവിഷയമാരായാം.

'അഥപരമാത്മാനാമയഥാക്ഷര ഉപാസനീയ
സച പ്രാണായാമപ്രത്യാഹാരധാ-
രണാധ്യാനസമാധിയോഗാനുമാനാ-
ത്മചിന്തകവടകണികാവാശ്യാ
മാകതണ്ഡുലോവാവാലാഗ്രശത
സഹസ്രവികല്പനാദിഭിഃസലഭ്യതേ
നോപലഭ്യതേ ന ജായതേനമ്രീയതേ

നശുഷ്യതി ന ക്ലിദ്യതേ നദഹ്യതേ
നകമ്പതേ ന ഭിദ്യതേ ന സ്വിദ്യതേ
നിർഗ്ഗുണ സാക്ഷീഭൂതഃ ശുദ്ധോനിരവയവ്യാത്മാ
കേവലഃസൂക്ഷ്മോനിർമ്മമോ നിരഞ്ജനോ
നിർവികാരഃ ശബ്ദസ്പർശരൂപരസഗന്ധവർജ്ജിതോ
നിർവികല്പോ നിരാകാംക്ഷഃ സർവവ്യാപി
സോ അചിന്ത്യോ അനിർവർണ്യാശ്ച
പുനാത്യശുദ്ധാന്യപൂതാനി നിഷ്ക്രിയസ്തസ്യ
സംസാരോനാസ്തി.

ഇങ്ങനെ പരമാത്മവിഷയം തുടങ്ങിവച്ചു. അതിൻ മുമ്പ് ചിലതു പറഞ്ഞുകൊള്ളട്ടെ. ആത്മാ ശരീരമാണെന്ന് ശ്രുതി അരുളും അതു തെററാൻ പററില്ലല്ലോ അതിനനുസരണമായ ശാസ്ത്രമഹത് വചനങ്ങൾ അന്വേഷിച്ചാണ് നാം മുമ്പ് പറഞ്ഞ 'സ ഏവ സംവിത്സ്വ പുമാനഹന്താപ്രത്യയാത്മകാ സയദോ ദേതി സംവിത്യാ, സപദാർത്ഥ ഇതി സ്മൃതാ' എന്ന മഹത് തത്വം കണ്ടെത്തിയതു്. ഇതിന് വേണ്ടുവോളം യുക്തിയും അനുഭവങ്ങളും ഉള്ളതു് മുൻ ഗ്രന്ഥങ്ങളിൽ തെളിയിച്ചിട്ടുള്ളതുമാണ്. പിന്നീടന്തരാത്മകഥനം ശ്രുതിസമ്മതമാക്കി കാട്ടിത്തന്നു. ആകയാൽ അതും സുസമ്മതമാണെന്നു വന്നല്ലോ. അവസാനം പരമാത്മ സ്വഭാവവർണ്ണന തുടങ്ങി. അനിഷേധ്യവും സർവവേദാന്തസമ്മതവുമായ അതിനെ ശ്രുതി തുടങ്ങിയിരിക്കുന്നതും കാട്ടാം. മുൻ പറഞ്ഞ ഉപനിഷത് ഭാഗം ഒന്നുകൂടി വിവരിക്കാം.

കോടിക്കോടി കണക്കായി ജീവികൾ ഈശ്വരൻ എന്ന നിലയിൽ അതായതു് സർവ ഐശ്വര്യസമ്പന്നനെന്നവിധേന നിരന്തര വീക്ഷിതനാകയാൽ ഈശ്വരനായി തെളിവാൻകണ്ടെത്തും പോലെ ഈ അക്ഷരനായ

പരമാത്മാവും പ്രാണായാമാദികളായ പ്രത്യാഹാരം ധാരണധ്യാനസമാധിയോഗേനയും അനുമാനം ആത്മ വിചിന്തനം മുതലായ വിശകലനജ്ഞാനമാർഗ്ഗേണയും അത്യന്തം സൂക്ഷ്മമായതും ബിലാഗ്രശതസഹസ്രത്തേക്കാളും സൂക്ഷ്മവുമായ പരമാത്മാവിനെ താൻ തന്നെ അതു് 'തത്ത്വമസി' എന്ന മഹാവാക്യപ്പൊരുളായരുളായി കണ്ടെത്തുകയോ എത്തുപെടാനിലയിലോ എത്തിച്ചേരുന്നു.

അതു് ജനിക്കുന്നില്ല മരിക്കുന്നില്ല, ഉണങ്ങുന്നില്ല നനയുന്നില്ല, നടക്കുന്നില്ല വിറയ്ക്കുന്നില്ല പൊട്ടുകയോ ഛേദിക്കപ്പെടുകയോ ചെയ്യുന്നില്ല. നിർഗ്ഗുണവും സർവ്വ പ്രമാണഭൂതവും, ശുദ്ധനും അവയവരഹിതനും സൂക്ഷ്മവും കേവലാത്മാവും നിർമ്മമനും നിരഞ്ജനനും നിർവികാരനും ശബ്ദരൂപരസഹീനനും ജിജ്ഞാസാഹീനനും നിർവികല്പനും കാംക്ഷാരഹിതനും അചിന്ത്യനും വർണ്ണനാതീതനുമാകുന്നു.

ഇപ്രകാരേണ അറിയും ജിജ്ഞാസു അതിനപ്പുറം അറിയാനൊരു വിഷയവുമില്ലെന്നറിയും അറിവും വിഷയവും താനായ് കണ്ടു തെളിയും. ഇതിനായ് കൊണ്ടു് ശ്രമിച്ചാലും. ആത്മാവിനെ മൂന്നായി പിരിച്ചു കാട്ടുകകൊണ്ടുമാത്രം ആത്മാഎന്നുകാണേണ്ടും വീക്ഷണം ഇവിടെ പരമാത്മാവിലെത്തിച്ചു കാട്ടേണ്ടിവന്നുവെന്നേ ഉള്ളൂ.

തത്ത്വമസി എന്നതിനെ മുമ്പ് ചിലയിടത്തു് പറഞ്ഞിട്ടുണ്ടെങ്കിലും അധികസ്യ അധികം ഫലം ന്യായേന ഒന്നുകൂടി പറകയാണ്. ശ്രദ്ധിക്കണേ. അതു നീ ആകുന്നു, അതു നീ ആണ് എന്നും മററും വിവരിക്കുന്നതിൽ അസിപദത്തെ വളരെ പ്രധാനമാക്കിയാണ്

ചെയ്തിരിക്കുന്നതു്. 'തത്ത്വമസി' എന്ന പൊരുളം അരുളാകുംവിധം വിന്യസിച്ചു നോക്കാം. ഇതു് ഗുരു നിർദ്ദേശവാക്യമാണു്. തത് അതു് നീ ആകുന്നു അഥവാ ആണു് എന്നാണു് പൊരുൾരൂപം. അതരുളാകുംവിധ മരുളുകയാണു് ധർമ്മം.

നീയെന്നുപറയുമ്പോൾ താനെന്നു കാണിക്കപ്പെട്ട മറിവിനാൽ നീ അല്പമെങ്കിലും സൂചിതമായി. ഈ നീ അതു് എന്നു കാട്ടുകയാൽ 'അതു്' എന്ന വാചാമഗോച രത്തെ അനുഭവഗോചരേണകാട്ടി പരംപൊരുളിനെ അരുളാക്കിമാററുമുപദേശത്തെ മാത്രമേ ഉപദേശമെന്നു പറയൂ. ഇങ്ങനെ ഉള്ള ഒരു അരുൾവാക്യമാണു് 'തത്ത്വമസി'.

ഇനിയും പ്രജ്ഞാനം ബ്രഹ്മ എന്നതു പരിശോധി ച്ചാൽ—ബോധമെന്ന—അതു് 'തത്'—ബ്രഹ്മമാകുന്നു എ ന്നറപ്പിക്കലാണു്. ഇവിടെഅവ്യക്തമായ് 'തത്തി'നെ ബോധമെന്ന ആത്മസമ്പർക്കമേററ അല്ല ജീവസമ്പർക്ക മാന്ന ബോധം പുരട്ടി നിറുത്തി കാട്ടി അതു് ബ്രഹ്മ മെന്നുറപ്പിക്കുന്നു. ഇവിടെങ്ങനെ മഹാവാക്യപ്പൊരുൾ നിലകൊള്ളുന്നു എന്നു ചോദിച്ചാൽ ബോധം എന്ന പ്രക്രിയയേക്കാട്ടി ബോധം തന്നിലും നില്ലുമൊന്നാകു യാൽ അതുമായി ബന്ധപ്പെടുത്തി വാചാമഗോചരവും വർണ്ണനാതീതവുമായ ബോധത്തെ വിഷയമാക്കി ഉത്തമ പുരുഷനെങ്കിലുംഅഥമപുരുഷസ്ഥാനീയനാക്കിചമച്ചു് തന്നിൽ തിളങ്ങും ബോധത്തിലുജ്ജ്വലിക്കും പ്രകാര മാക്കി ലക്ഷീകരിക്കലത്രേ പ്രജ്ഞാനം ബ്രഹ്മ ചെയ്യു ന്നതു്.

അടുത്തതായി 'അഹംബ്രഹ്മാസ്മി' കൂടി വിലയിരുത്താം

അഹം എന്നതു് താൻതന്നെയാണു്. തന്നെ താനറിയുന്നെങ്കിലും പറയാനറിയുന്നില്ല. അപ്രകാരേണയുള്ള അവ്യക്തനെതന്നെ ആണു് വഴിതെളിക്കാനിവിടെ വിളിച്ചിരിക്കുന്നതു്.

ആ അഹം തനി അവ്യക്തമായ ബ്രഹ്മമെന്നു കാട്ടലാണു് അഹം ബ്രഹ്മാസ്മി ചെയ്തു കാണുന്നതു്. അഹമവ്യക്തമെങ്കിലും താൻ എന്നതെല്ലാവർക്കുമറിവുററതാണു്. തന്നെ താനറിയും ഭാവമുണ്ടു്. ഈ താൻ തനി അവ്യക്തമായ ബ്രഹ്മമെന്നു കാട്ടി എത്തുപെടുത്തലാണു് ഈ വാക്യം നിർവഹിക്കുന്നതു്. ഈ വിധം ചെയ്യുമ്പോഴും തനി അവ്യക്തം, അറിയപ്പെടും താനായി കണ്ടെത്തലാണു് ഈ വാക്യസൂചന. 'അയമാത്മാ ബ്രഹ്മഃ' എന്നതു കൂടി ഒന്നുകൂടി തെളിച്ചുനോക്കാം.

'പ്രജ്ഞാനം ബ്രഹ്മ' കേവലീഭാവേനയാണു് കരുനിരത്തുന്നതു്. വ്യക്തിഭാവം വെടിഞ്ഞു് സൂക്ഷ്മഭാവം സ്വീകരിച്ചു് അവ്യക്തത്തിനു സമാനഗമനം സഞ്ചരിക്കും സമാന്തരരേഖ പോലെ പോയി അതുമിതും ഒന്നെന്നുപറയും വഴിയാണു് സ്വീകരിച്ചിരിക്കുന്നതു്.

അതിൽനിന്നും അകന്നുമാറി വ്യക്തിപ്രസാദവാനായാണു് അഹം ബ്രഹ്മാസ്മിയും തത്വമസിയും ചെയ്തു കാണുന്നതു്. ഇതൊന്നുമല്ലാത്ത അയമാത്മാപ്രതിപാദനം ഒന്നു പ്രത്യേകം തന്നെയാണു്.

ഇവിടെ ആദ്യമായാണു് വിവാദപുരുഷനായ ആത്മാവിനെ കാട്ടുന്നതു്. മാത്രമല്ലാ ഇതിലെ അയം പ്രയോഗം സുപരിചിതസ്ഥാനം കാട്ടുന്നുമുണ്ടു്. ആത്മാവിനെ ഉപനിഷത്ദ്വാരാ അറിഞ്ഞുകൊള്ളുവാനായിരിക്കാം അതു് ഏതു് എന്നെടുത്തുകാട്ടാത്തതു്. ഒരു

പക്ഷേ അതു് ബ്രഹ്മം തന്നെ എന്നു കാട്ടാനും ഈ പ്രയോഗം സുപരിചിതത്വം വിളിച്ചറിയിയ്ക്കുന്നുമുണ്ടല്ലോ.

ഇതോടെ ഈ ആത്മാ ബ്രഹ്മമെന്നു മാത്രമല്ലാ താൻ തന്നെയുമാണെന്നു് 'ഈ' പ്രയോഗം ആത്മ കൈവശക്കാരനെ തിരിച്ചു് വ്യക്തം കാട്ടുകയുമാണു് ചെയ്തിരിക്കുന്നതു്. ഇങ്ങനെ ഇതു, നമുക്കനുകരണീയമാക്കിതരും ശ്രുതികൾക്കും ഋഷികൾക്കും വന്ദനത്തെ ചെയ്തുകൊള്ളട്ടേ.

അതിപ്രധാനമായ പലതും ഇതിലുൾക്കൊള്ളിച്ചിരിക്കകൊണ്ടു് സഹോദരങ്ങൾ ശ്രദ്ധയാ പഠിക്കുവാൻ അഭിരുചിയുദിക്കട്ടേ എന്നു പ്രാർത്ഥിക്കുന്നു.

ഓം തത്സത്

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ഓം

ശ്രീ ഗുരവേ നമഃ

സമാധികൾ അധികമെന്നല്ലാ എല്ലാം തന്നേയും യോഗാംശമാണ്. അതിന് ജ്ഞാനക്കൂട്ടുകെട്ട് വ്യക്തം വന്നുചേരുന്നുണ്ട്. ജ്ഞാനയോഗങ്ങൾ സമ്മേളിക്കുമ്പോഴാണ് ഉന്നതസമാധികൾ ആവിർഭവിക്കുന്നത്. നിർവികല്പസമാധിയേ സമാധിയായി പറയേണ്ടൂ. സവികല്പത്തിൻെറ ഉന്നതശൃംഗങ്ങൾ അതിമോഹനങ്ങളും നിർവികല്പസമാനവുമാവുന്നുണ്ട്.

'കാമാദ്യശ്ചിത്തഗാദൃശ്യഃ
സ്തൽസാക്ഷിത്വേനചേതനം
ധ്യായേദൃശ്യാനുവിദ്ധോയം
സമാധിസവികല്പക'
'അസംഗസച്ചിദാനന്ദ
സ്വപ്രഭോദ്വൈതവർജ്ജിതഃ
അസ്തീതിശബ്ദവിദ്ധോയം
സമാധിസവികല്പകഃ'

പഞ്ചഭൂതങ്ങളിലൊന്നായ ആകാശത്തിൻെറ ശബ്ദമായ ഓങ്കാരത്തിൻെറ 'ഓം' മനുഷ്യാത്മാവിനെ ബ്രഹ്മത്തിലെത്തിക്കും പോലെ സവികല്പസമാധി അത്യുന്നതിയിൽ വരുമ്പോൾ നിർവികല്പസമാനമായി ബ്രഹ്മത്തിലെത്തിക്കുവാൻ ആത്മവാനേ സഹായിക്കുന്നതനുഭവപ്പെടും. ജീവന്മുക്തനും വിദേഹമുക്തനും തമ്മിൽ ചില അന്തരങ്ങൾ കാട്ടാനുണ്ട്. ശ്രീരാമനും ശ്രീവസിഷ്ഠ

മഹർഷിയും ശ്രീകൃഷ്ണനും മററു പല ഉന്നതാത്മാക്കളും വ്യക്തം ഇവയൊക്കെ കൈകാര്യം ചെയ്തിട്ടുണ്ട്.

മോക്ഷത്തിൽ താനെങ്ങനെ ഇരിക്കുന്നുവെന്നു വ്യക്തമറിവാൻ കഴിവതു ശ്രമിക്കണം. ബ്രഹ്മമെങ്ങനെ എന്നതും ആത്മവടിവെങ്ങനെ എന്നതും അറിയുന്നതു് ഏവർക്കും അത്യന്താപേക്ഷിതമാണ്. ഇതുകൊണ്ടുപോലും മുക്തി സുവ്യക്തം സാധിതപ്രായമാകാവുന്നതേയുള്ളു. ഇവയെല്ലാമറിഞ്ഞു നിലകൊള്ളൽതന്നെ മോക്ഷ വടിവാണ്. സവികല്പമൂർദ്ധന്യത്തിൽ ജീവൻമുക്തനില ഉറപ്പാകും. ദേഹസ്ഥനിലയിൽതന്നെ മുക്താവസ്ഥ എടുത്തു നിലകൊള്ളലാണ് വിദേഹമുക്തൻെറ അവസ്ഥ. ഇവ കൾ സുവ്യക്തം ശ്രീരാമഗീത വിവരിക്കുന്നുണ്ട്. ആക കൊണ്ടു് അതു പഠിക്കലും മനസിലാക്കലും ആവശ്യമാണ്. ജീവൻമുക്തനിൽ നില്ലണ്ട വിദേഹമുക്തനുമാകുക ഇതു് ഭാരതധർമ്മമാണ്. ജീവന്മുക്തൻ വഴിയറിയാതെ നടക്കുകയോ നട അറിയാതെ പോയെന്നോ വരുക സാധാരണമല്ലാ. പക്ഷേ വിദേഹമുക്തനങ്ങനല്ല വഴിയറിയാതെ നടക്കും നടയറിയാതെ തപ്പും എന്നു വേണ്ടാ അതൊന്നു കാണുവതുതന്നെ സുഖമാം. പിന്നങ്ങനങ്ങു നടന്നാലെങ്ങനെ എന്നാരുപറയും. അനുഭവിച്ചുതന്നെ ആസ്വദിക്ക.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

വിദേഹമുക്തന്റെ അവസ്ഥാവിശേഷവിവരണം ശ്രീരാമഗീതയിൽക്കൂടിത്തന്നെ അറിഞ്ഞുകൊള്ളുക. വിദേഹമുക്താവസ്ഥ ഉന്മനീഭാവം ഇവയൊക്കെ അടുത്തടുത്തു നിലകൊള്ളുമവസ്ഥകളാണ്. അനന്താനന്ദാവസ്ഥയും അതിഹർഷവും മററും അതോടൊപ്പമുണ്ടായിരിക്കമെന്ന് പറയേണ്ടാവശ്യം തന്നെ ഇല്ല. ഇവിടെ ല്ലാമെത്തുന്നതിനു ദേഹവിജ്ഞാനംനന്നാണ്. ദേഹത്തിൽക്കൂടി അല്ലാതെ ഒരു മുന്നേററവും ഒരുവനും വന്നു ചേരുന്നില്ല. തീർത്ഥാടനം പുണ്യദേശസഞ്ചാരം ഇവയൊന്നും വേണ്ടപോലെ ഫലിക്കാത്തതു് അവകളെ വെളിക്കന്വേഷിക്കകൊണ്ടാണ്. 'അന്തർമുഖസമാരാദ്ധ്യ ബഹിർമുഖസുദുർലഭ' യാണിവയെന്നു് വ്യക്തം പലരും പറഞ്ഞിട്ടുണ്ട്.

'ശ്രീപർവതശിരസ്ഥാനേ
കേദാരംതുലലാടകേ
വാരാണസീമഹപ്രാജ്ഞാ
ഭ്രുവോർഘ്രാണസ്യമദ്ധ്യഗേ
കുരുക്ഷേത്രം കുചസ്ഥാനേ
പ്രയാഗംഹൃത്സരോരുഹേ
ചിതംബരം തുഹൃത്മദ്ധ്യേ
ആധാരേകമലാലയം
ആത്മതീർത്ഥസമുത്സൃജ്യ
ബഹിർതീർത്ഥാനിയോവ്രജേത്.'

മലമൂത്രവിസർജ്ജനത്താലും മററും മലീമസമാക്കപ്പെട്ട ബാഹ്യതീർത്ഥങ്ങളും പുണ്യസങ്കേതങ്ങളും ഒരു മാലിന്യവും പററാത്ത കരതലാമലകംപോലെ വന്നുപെട്ടിരിക്കുന്ന അന്തർമണ്ഡലങ്ങളെ കണക്കിലെടുക്കാതെ തിരസ്കരിച്ച് മരുമരീചികാജലംതേടും പഥികനെപ്പോലെ ആകാതെ ശുദ്ധനിർമ്മല അന്തർതീർത്ഥങ്ങളെ അറിഞ്ഞുമുതലെടുക്കാതെ എന്തിനെയാണ് ചെയ്തുകൂട്ടുന്നതു്.

ഇനിയും കുറച്ചനുഭവകഥനം പറയാം. ദേഹിദേഹമില്ലെന്നറിയുന്നതും അനുഭവിച്ചാനന്ദിക്കുന്നതും ദേഹത്തിൽക്കൂടി ആണെന്നതോക്കണം. ദേഹത്തിൽക്കൂടെ അല്ലാതെ ഒരു മുന്നേററവും ആക്കും ഒരുവനും വന്നുചേരുന്നില്ല.

സമാധിയിൽ മുഴുകിയിരിക്കും യോഗികൾ അവരവരുടെ അവയവങ്ങൾ ശ്രദ്ധിച്ചാൽ അതില്ലെന്നറിഞ്ഞു തെളിയും. ഈ അവസരത്തിൽ പ്രാണൻ ആ ഭാഗത്തത്യുഗ്രമായി തുടിച്ചുകൊണ്ടിരുന്നാലും ആ അംഗം കാഴ്ചവിധേയമാകാത്ത ഒരവസ്ഥയിൽ അത്യന്തം ആനന്ദദായകമായ ഒരനുഭവം കണ്ടെത്തും. അംഗനിർമ്മാജ്ജനയോഗാനുഭവേ ഒരാനന്ദാനുഭവം സുവ്യക്തമുടലെടുക്കും. അതായതു് ഈ യോഗേ ദേഹാംശനിർമ്മാർജ്ജനേ ഒരാനന്ദമുല്പന്നമാകും. ഇങ്ങനെ ദേഹാഭാവേ ആനന്ദാനുഭവമുടലെടുക്കുംവിധം സുവ്യക്തമറിയാൻ കഴിയും. ഇത്രയും വെച്ചുകൊണ്ടു് നിങ്ങൾ ഒന്നനുമാനിച്ചുനോക്കുക. ഈ മനുഷ്യൻ ഒരാളാകുമാനമില്ലാതായികാണും യോഗാനുഭവേ അതായതു് താനാകുമാനമില്ലാതായികാണും നിലയനേ അതു് സാദ്ധ്യമെന്നുകാണും നില സാദ്ധ്യമായി കണ്ടാൽ ആ അനുഭവം എങ്ങനെ ഇരിക്കുമെന്നു് ഞാൻ പറയും നില ശ്രദ്ധിക്കുക. ആ മനുഷ്യൻ ശരീരം കാണാതെ നടക്കും, നില്ക്കും, ഇരിക്കും, കിടക്കും, ഉറങ്ങാനും ഭാവിച്ചെന്നു വരും. ഉറക്കേ തമസ്സുബാധിക്കും, അല്ലാത്ത അവസ്ഥയിൽ തമസില്ല. ശരീരം കാണാനുദ്യമിച്ചാലും കാണുകില്ലാ. കാണാൻ ശ്രമിക്കാതിരിക്കലാണു വേണ്ടതു്. ഈ അവസ്ഥയിൽ തമസ്സില്ലാ ഒരുത്ഭുതാനുഭവം ശുദ്ധബോധം നില്ക്കും. ഇതിനെ അറിഞ്ഞുതെളിഞ്ഞ നിലയെന്നു് പറഞ്ഞുകൊള്ളു. മഹത്തുക്കളും പറയും.

ഓം തത് സത്

ഓം
## ശ്രീ ഗുരവേ നമഃ

പല അവ്യക്തങ്ങളായ ആശയതല്പജങ്ങളും തേടി പ്രളയമഹാംബോധി മുഴവൻ തിരയുംപോലെയോ പോരാ ജഗത്താം സ്ഥലദേശകാലമഹാവിസ്തൃതി മുഴ വനന്വേഷിച്ച് കണ്ടെത്താൻ ശ്രമിക്കും സങ്കല്പശിശു സമാനം ഒരു പക്ഷേ കളിക്കുകയായിരിക്കാം ഞാൻ. അനന്തവിജ്ഞാനവിഹായസ്സിൽ, നഭസിൽ പറക്കാൻ പറന്നെത്തും പക്ഷിപോലെ അളവററ വൈഷമ്യങ്ങളു ണ്ടേലും മിന്നിമിന്നി പറന്നാസ്വദിക്കലൊണോ ജന്മവാ നാശിക്കുന്നത്.

മനുഷ്യൻ ജനിക്കുന്നതവൻെറ ആവശ്യത്തിനാ ലാണോ. ജനിക്കുന്നതിനു മുമ്പ് ജന്മവാനുണ്ടായിരു ന്നില്ല. പിന്നെ ജീവി എങ്ങനാശിക്കും. ഇതിനു ചില മുട്ടുസമാധാനം ശാസ്ത്രം പറയും വിധേന പറഞ്ഞു പരത്ത പ്പെട്ട ചില ആശയങ്ങൾ പരിശോധിക്കാം. പൂർവ്വ ജന്മകൃതകൃത്യഫലം ജീവിരൂപേണജായതേ, മോഹന വഞ്ചനാത്മകമായ ഒരു സങ്കല്പക്കോട്ട. ആകാശേ പൊലിയും വെള്ളമേഘം പോലെ പൊലിയും വിശ്വാ സക്കോട്ട. ആരോ ശരിക്കാലോചിക്കാതെ പടച്ചു കൂട്ടിയ ഒരു ആകാശക്കോട്ട.

പൂർവജന്മം ആദിയിലാർക്കുമുണ്ടായിരുന്നില്ല. ആ ആദിയിൽ കർമ്മഫലവുമുണ്ടായിരുന്നില്ല. പിന്നെ എങ്ങനെ ആദ്യ ജന്മഫലം വിതറും. ജീവനും ജീവി തവും എങ്ങനെ ഉടലെടുക്കും. ഇതുകൊണ്ട് നാം അറി യേണ്ടത് അതിപ്രധാനമായ വേദാന്തതത്വമാണ്. ഇതിനെ ഞാനറിഞ്ഞവിധം നിങ്ങളോട് പറയാം.

ഇതിനു് ഗുരുസമ്മതവുമുള്ളതാണു്. ഗുരുസമ്മതം മഹത്
സമ്മതവുമാണു് ഇതിനു് ശാസ്ത്രസമ്മതവുമുണ്ടു്. ശാസ്ത്ര
വിഘടനവാദവുമില്ല.

ആദിയിൽ ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതു്
വേദാന്തസമ്മതമാണു്. വേദവാദികൾ ഇതിൽ അല്പം
കൂട്ടി പറയുന്നതും പറയാം. ബ്രഹ്മത്തോടൊത്തു് അതി
ന്റെ ശക്തിയായ മായയുമുണ്ടായിരുന്നുവെന്നാണു്.
ഇതിനെ വേദാന്തം നിഷേധിച്ചും കാണുന്നില്ല. കസ്തൂരി
മാവിൽ ഇത്തിളുപററിയതുപോലെ ഒരു വൃത്തികേടു്
ബ്രഹ്മത്തിനു പററിയെന്നു പറയേണ്ടിവരുന്നു. ആത്മ
വാൻ ബ്രഹ്മമാണു് — 'അഹം ബ്രഹ്മാസ്മി' വ്യക്തം
കാട്ടുന്നു. ആ ബ്രഹ്മം തന്നെ ആയ ആത്മവാനു് ഒരു
ഒഴിയാബാധ പിടിച്ചതുപോലെ ഒരു ബ്രഹ്മഹത്യ സംഭ
വിച്ചിരിക്കയാണു് ഇതിനു് ഏതു കുളത്തിൽ കുളി
ക്കണം ഏതു തീർത്ഥത്തിൽ മുങ്ങണം എന്താണിതിനു
പോംവഴി, ഏതു ശാസ്ത്രം കാട്ടും നേർവിജയം. എല്ലാം
പ്രയാസം തന്നെ ആയിത്തീന്നിരിക്കയാണു്. മായ
ബ്രഹ്മത്തിന്റെ ശക്തി, ആത്മാ ബ്രഹ്മം തന്നെ എന്നു
ശാസ്ത്രസമ്മതം മഹത്സമ്മതം പക്ഷേ അനുഭവവേദ്യ
മാണോ അതോ ആക്കി എടുക്കണോ, അതോ പാല്യ
തൈരായോ, എന്തുത്തരം പറയും. ഹരഹരോ ഹരഹരാ.

ആത്മാവിനെ ബ്രഹ്മത്തിൽ നിന്നും എങ്ങനെ
തള്ളി എന്തിനുതള്ളി, വേദാന്തം എന്തിനുടലെടുത്തു.
ബ്രഹ്മം പല തുള്ളി ആയിപ്പോയോ. അതു് ബലഹീന
മായി നശിച്ചുതീരുവതു് തടയുവാനോ വേദാന്തം.

കടലിലൊരു സൂര്യബിംബം നൂററൊന്നു കല
ത്തിൽ നൂററൊന്നു സൂര്യബിംബം വലിയ കടലിലെ

സൂര്യൻ വലുതൊന്നുമല്ല കലത്തിലെ സൂര്യനൊട്ടു ചെറുതുമല്ല എന്തൊരത്ഭുതം. കൺമണി പോലെ പോലും വലുപ്പമില്ലാത്ത കണ്ണാടി ചില്ലിൽ അനന്താകാശവും അതിൻെറ ഉച്ചകോടിയും കാട്ടി പരിലസിക്കുന്ന മായാ പ്രതിഭാസം അല്ലേൽ പ്രകൃതി പ്രതിഭാസം ഇവയെല്ലാം വരച്ചുകാട്ടും മായ മുന്നരങ്ങിലല്ലേ. ഇതിനെ ജയിച്ചിട്ടോ ആത്മവാൻെറ ബ്രഹ്മമാകൽ. ഹരഹരോ ഹരഹരാ. ഉറുമ്പിനെ ചിരട്ടയിൽ കേററി ചിരട്ട കടലിലിട്ടു തുഴ എടോ തുഴഞ്ഞോ എന്നു പറഞ്ഞാൽ ഉറുമ്പു തുഴയത്തുമില്ല കടൽ താണ്ടത്തുമില്ല. അതുപോലെ പ്രാണികളെ പ്രാണനാൽ നിയന്ത്രിക്കപ്പെട്ടും നൗകയിൽ ഉദ്ധൻ, ച്ചിന്നൻ, കൃകരൻ, വ്യാനൻ മുതലായവർ നിയന്ത്രിക്കും തോണി എവിടെത്താനാണു്. ചെറിയ സമുദ്രമല്ലാ, മഹാസമുദ്രമല്ലാ, പ്രളയമഹാംബോധിയുമല്ലാ അന്തമാലോചനാവിധേയംപോലുമല്ലാത്ത — കിഴക്കോട്ടന്തമില്ലാ, തെക്കോട്ടന്തമില്ലാ, പടിഞ്ഞാറോട്ടന്തമില്ലാ, വടക്കോട്ടന്തമില്ലാ, മുകളോട്ടന്തമില്ലാ, കീഴോട്ടന്തമില്ല മററെങ്ങോട്ടുമന്തമില്ലാത്തതും, വർഷരശ്മിവിസ്തൃതിവച്ചളന്നാലും അളവെത്താൻ വയ്യാത്ത മഹേശ്വരതിലകത്തെ ഒരു ചെറുക്കൻ പ്രാപിക്കാൻ മുതിന്നാൽ പരിഹാസമല്ലാതെന്തുഫലം.

പക്ഷേ ഇതുകൊണ്ടെങ്ങാനം പറത്താനോ മാനവരാശിയുടെ ആത്മാനം.

സർവസാരോ 'ആത്മാഹം സർവഭൂതാനാം
വിഭുസാക്ഷിനസംശയ
ബ്രഹ്മൈവാഹം സർവവേദാന്തവേദ്യം
ബ്രഹ്മൈവാഹം സച്ചിദാനന്ദരൂപം'

തേജോ നിത്യനിർമ്മലരൂപാത്മാ
ഹ്യാത്മനോഽന്യത്രകിംചന
അണുമാത്രലസദ്രൂപം
അണുമാത്രമിദം ജഗത്

ആത്മനോന്യത് ജഗന്നാസ്തി
ആത്മനോന്യത് സുഖംനാസ്തി
ആത്മനോന്യാ ഗതിർനാസ്തി
സർവമാത്മമയം ജഗത്
ആത്മനോഽഹ്യന്നഹികാപി
ആത്മനോന്യത് തൃണംനഹി
ആത്മനോന്യത് തുഷംനാസ്തി
സർവമാത്മമയം ജഗത്''

സർവസാരോ

സർവഭൂതങ്ങളുടേയുമാത്മാവാണു ഞാൻ, സർവ ശ്രേയസുകളും ഉൾക്കൊണ്ടു വിരാജിക്കുന്ന വിരാട്ടാണു ഞാൻ എന്നതിനൊരുസംശയവുമില്ലതന്നെ. എല്ലാമറിഞ്ഞുകൊണ്ടു നിലകൊള്ളും സാക്ഷിയാണു ഞാൻ. ഞാൻ ബ്രഹ്മം തന്നെ ആണ്. സർവവേദാന്തങ്ങളാലും അറിയപ്പെടേണ്ടവൻ ഞാനാണ്. ഞാൻ ബ്രഹ്മമാണ് സച്ചിദാനന്ദസ്വരൂപനാണ്.

തേജോ

നിത്യനിർമ്മലമായ രൂപവടിവാണ് ഞാൻ. ഈ ആത്മാവിൽനിന്നുമന്യമായിട്ടൊന്നും തന്നെ ഇല്ല. ഈ സദ്രൂപമണുമാത്രനാണ്, ഈ ജഗത്താകെ അണുമാത്രനമാണ്.

ഞാൻ തന്നെയാണീ ജഗത്തുമുഴുവനും. ആ ഞാൻ തന്നെയാണ് അതിശ്രേഷ്ഠമായ പദവും.

ഞാൻ ഗുണാതീതനാണ്. ഞാൻ തന്നെ ശ്രേഷ്ഠത്തിൽവച്ച് ശ്രേഷ്ഠവും.

ആത്മാവിൽനിന്നന്യമായി ജഗത്തില്ലതന്നെ. ആത്മാവിൽനിന്നന്യമായി ഒരു സുഖവുമില്ലതന്നെ. ആത്മാവിൽനിന്നന്യമായി ഒരു ഗതിയുമടയേണ്ടതായില്ല. സർവജഗത്തും ആത്മമയം തന്നെ ആണ്. ആത്മാവിൽനിന്നന്യമായി ഒന്നും തന്നെ നിലനില്ക്കുന്നില്ല. ആത്മാവിൽനിന്നന്യമായി തൃണം പോലും ഇല്ലതന്നെ. ആത്മാവിൽനിന്നന്യമായി ഒരുമി പോലുമില്ല. ലോകം മുഴുവൻ ആത്മമയം മാത്രമാണ്.

'സ്വയം ബ്രഹ്മ നസന്ദേഹഃ
സ്വസ്മാദന്യന്നകിംചന
സർവമാത്മൈവശുദ്ധാത്മാ
സർവംചിന്മാത്രമവ്യയം'

ഇത്രയുംകൊണ്ടു കാട്ടാൻ ശ്രുതി ശ്രമിക്കുന്നത് — അഹം — ആത്മാ — ബ്രഹ്മ — ഈ വിധേന പറയപ്പെട്ടും തത്വങ്ങൾ മൂന്നും ഒന്നു തന്നെ എന്നു മാത്രമല്ല ഇവ പിരിഞ്ഞിരിക്കുന്നവയുമല്ലെന്നതാണ്. എന്തെന്നാൽ അവ ഏകനായ താൻ തന്നെ ആയ ഏകമാണ്. 'അഹം ബ്രഹ്മാസ്മി—അയമാത്മാബ്രഹ്മഃ—' ഈ മഹാവാക്യങ്ങൾ തന്നെ വിളിച്ചുപറയുന്നുണ്ടല്ലോ.

ഓം തത് സത്

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകാരന്റെ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദ വേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധരവചനാമൃതം—ഭാഗം 1
ശ്രീധരവചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരന്റെ ബോധാവലോകനം
ശ്രീധരന്റെ വേദാന്ത ദർശനം
പ്രബോധ ശ്രീധരം
ശ്രീധരന്റെ ബോധസുധാകരം
ബോധാകാശ വിഹംഗ
ശ്രീധരന്റെ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ
ശ്രീ ബോധാമൃതം

## മറ്റു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം   ഉത്തര ഗീത,   അവധൂത ഗീത,
ശ്രീ ഗോപാലഗീത,   വേദാന്ത സാരം,
രാമഗോപാലം,   ശ്രീധരം.